©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**
(2021 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

932/2021.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 107 |

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
# (2021-2023)

## ഘടന

ചെയർമാൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ. വി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ജോമി. കെ. ജോസഫ്., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-4-2020 മുതൽ 31-3-2021 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019-2021 കാലയളവിലേയ്ക്കുള്ള സമിതി രൂപീകരണം 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2019 ജനുവരി 7-ാം തീയതി ചെയർമാൻ ഉൾപ്പെടെ ആകെ 11 അംഗങ്ങളോടെയാണ് നിലവിൽ വന്നത്.

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2020-21 കാലയളവിൽ സമിതി ആകെ 2 യോഗങ്ങൾ ചേർന്നു. ഇതിൽ 19-8-2020-ലെ യോഗം 2019-ലെ കേരള വഖഫ് റൂൾസ് (എസ്.ആർ.ഒ. നമ്പർ 18/2019)-ന്റെ സാധൂകരണം, 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവയും പരിഗണിക്കുകയുണ്ടായി.

10-2-2021-ലെ യോഗം 2019-ലെ കേരള മദ്രസ്സാധ്യാപക ക്ഷേമനിധി പദ്ധതി എസ്. ആർ. ഒ. നമ്പർ 491/2019, 2019-ലെ കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 492/19 എന്നിവയുടെ സാധൂകരണം, 2014-15, 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രിക, കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്, സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നങ്ങളും മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്, പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിന്മേലുള്ള സമിതി നിർദ്ദേശങ്ങളിന്മേലുള്ള റിപ്പോർട്ട് എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 54.2 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് VII അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI(എ)-ൽ 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഉൾപ്പെടുന്നു. അദ്ധ്യായം VI(ബി)-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും വിശദാംശങ്ങളും ചേർത്തിരിക്കുന്നു. അദ്ധ്യായം VII-ൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2021, ജൂൺ 30.

# റിപ്പോർട്ട്

## അദ്ധ്യായം I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 19-8-2020-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 19-8-2020-ലെ സമിതി അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിഗണിച്ച ബില്ലുകൾ

പ്രസ്തുത കാലയളവിൽ ബില്ലുകൾ ഒന്നും പരിഗണിച്ചിട്ടില്ല.

## അദ്ധ്യായം III

### I. പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

പ്രസ്തുത കാലയളവിൽ കരട് ചട്ടങ്ങൾ ഒന്നും പരിഗണിച്ചിട്ടില്ല.

### II. എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ

1. 2019-ലെ കേരള വഖഫ് റൂൾസ് (എസ്.ആർ.ഒ. നമ്പർ 18/2019) 19-8-2020-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

2. 2019-ലെ കേരള മദ്രസ്സാദ്ധ്യപക ക്ഷേമനിധി പദ്ധതി (എസ്.ആർ.ഒ. നമ്പർ 491/2019) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 492/2019) എന്നിവ 10-2-2021-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

പ്രസ്തുത കാലയളവിൽ 235 (എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXI—ഭവനനിർമ്മാണം | 2018-19 കാലതാമസ പത്രിക സഹിതം | SW3/152/2019/സൈ. ക്ഷേമ. തീയതി 9-10-2020 | 13-1-2021 |
| 2 | XXI—ഭവനനിർമ്മാണം | 2019-20 കാലതാമസ പത്രിക സഹിതം | HSGP5/29/ 2020-HSG തീയതി 20-1-2021 | 22-1-2021 |

അദ്ധ്യായം VI

**എ. 2020-21-സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 52 | 5, 6, 7, 8 | 1-4, 9-52 | 48 |

**ബി. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും വിശദാംശങ്ങൾ**

മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രികകൾ ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

6216-80-190-99 — കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ ഈ ശീർഷകത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി കോർപ്പറേഷൻ സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ പ്ലാൻ ഇനത്തിൽ 105.4 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 1832.13 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക വിഹിതം അനുവദിക്കേണ്ട ആവശ്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/191/2018/ ആഭ്യന്തരം, തീയതി 1-10-2020)

<u>ശിപാർശ</u>

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. പ്രസ്തുത വായ്പാ തുക ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഇപ്രകാരം പോലീസ് വകുപ്പിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കളായി തിരികെ ഒടുക്കണമെന്നുള്ള സർക്കാർ ഉത്തരവ് കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നതാണെന്ന് സമിതി വീക്ഷിക്കുന്നു. ഇതുകൂടാതെ കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന സൂപ്പർവിഷൻ ചാർജ്ജ് എന്ന ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ "ലോൺ" ശീർഷകത്തിൽ വകയിരുത്തി നൽകുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിച്ച് ലഭിക്കുന്നതിലേക്ക് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് തുക അനുവദിക്കുന്ന ലോൺ ശീർഷകത്തിൽ നാളിതുവരെ അനുവദിച്ച തുകകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശീർഷകത്തിലേയ്ക്ക് റീ ക്ലാസിഫൈ ചെയ്തതിനുശേഷം കോർപ്പറേഷന് ഗ്രാന്റായി തുക അനുവദിക്കുന്നതിന് ഒരു പുതിയ ശീർഷകം അനുവദിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്.

(സർക്കാർ കത്ത് നമ്പർ ഇ 4/191/2018/ ആഭ്യന്തരം, തീയതി 1-10-2020)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2235-60-102-99 —<u>അഗതികൾക്കുള്ള പെൻഷൻ</u>

അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 2,41,30,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

2235-60-102-99 അഗതികൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻപ്രകാരം 2017 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 1291,37,60,585 രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ., തീയതി 12-3-2020)

<u>ശിപാർശ</u>

2235-60-102-98—<u>കർഷക തൊഴിലാളി പെൻഷൻ</u>

കർഷക തൊഴിലാളി ക്ഷേമനിധിയിൽ പണം അടയ്ക്കുന്നവർക്ക് പെൻഷൻ വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വിലയിരുത്തി. കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 600 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 18,27,77,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻപ്രകാരം 2017 മാർച്ച് വരെയുള്ള പെഷൻ വിതരണം ചെയ്യുന്നതിന് 451,63,71,090 രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 195/എഫ്.എം.2/2016/ ത.സ്വ.ഭ.വ., തീയതി 12-3-2020)

<u>ശിപാർശ</u>

2235-60-102-97—<u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 600 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിന് മേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് 1,500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 17,20,51,47,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

2235-60-102-97-ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2017 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 2044,70,22,985 രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 195/എഫ്.എം.2/2016/ ത.സ്വ.ഭ.വ., തീയതി 12-3-2020)

<u>ശിപാർശ</u>

2235-02-101-92—<u>അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി</u>

ക്ഷേമപെൻഷൻ നിരക്ക് 800 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 40,16,46,000 രൂപ അധികമായി അനുവദിക്കണമെന്നും മന്ദബുദ്ധി എന്നതിന് പകരം ഭിന്നശേഷിക്കാർ എന്ന് ചേർക്കാൻ വകുപ്പ് ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2235-02-101-92—അംഗവൈകല്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 337,46,51,255 രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ., തീയതി 12-3-2020)

<u>ശിപാർശ</u>

2235-60-102-96—<u>സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി</u>

ക്ഷേമപെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 14,87,69,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

2235-60-102-96—അൻപത് വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2017 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 79,71,88,780 രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ., തീയതി 12-3-2020)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2216-05-053-97(01)—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി 99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

2216-05-053-97 ഈ ശീർഷകത്തിൽ 01-സംരക്ഷണവും അറ്റകുറ്റപ്പണികളും 02-പ്രത്യേക അറ്റകുറ്റപ്പണികൾ 03-വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ 25,11,00,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ഈ ശീർഷകത്തിലെ ആകെ ചെലവ് 24,80,43,620 രൂപയാണ്. 01-ശീർഷകത്തിൽ 1024 ലക്ഷം രൂപയായിരുന്നു ചെലവ്. 02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം എന്നീ ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ ചെലവ് അധികമായി വന്നിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം അധികരിക്കപ്പെട്ട തുക അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിക്കുകയും 18-5-2018-ലെ G.O. (Rt.) No. 4290/2018/Fin. എന്ന ഉത്തരവ് പ്രകാരം ഈ തുക റെഗുലറൈസ് ചെയ്തിട്ടുള്ളതുമാകുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 3/155/2019/പൊ.മ.വ., തീയതി 28-11-2019)

<u>ശിപാർശ</u>

2216-05-053-94—<u>നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)</u>

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായിവന്ന ചെലവുകൾക്ക് അധിക തുക അനുമതി അനുവദിച്ചു. പ്രസ്തുത സാമ്പത്തിക വർഷം അധികരിക്കപ്പെട്ട 65,61,000 രൂപയ്ക്ക് റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതനുസരിച്ച് 18-5-2018-ലെ G.O. (Rt.) No. 4290/2018/Fin. എന്ന ഉത്തരവ് പ്രകാരം ഈ തുക റെഗുലറൈസ് ചെയ്തിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 3/155/2019/പൊ.മ.വ., തീയതി 28-11-2019)

<u>ശിപാർശ</u>

4216-01-106-97—<u>ടി ആന്റ് പി ഷെയർ ഡെബിറ്റ്</u>

ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 83.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതിയ്ക്ക് 1,40,000 രൂപ അധികം ചെലവായത് സേവിംഗ്സുള്ള ശീർഷകത്തിൽ നിന്നും കണ്ടെത്താൻ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായ 1,40,000 രൂപ 18-5-2018-ലെ G.O. (Rt.) No. 4290/2018/Fin. പ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 3/155/2019/പൊ.മ.വ. തീയതി 28-11-2019)

<u>ശിപാർശ</u>

4216-80-195-99(05)—<u>സഹകരണ വകുപ്പ്</u>

അംഗ സംഘങ്ങൾക്ക് സർക്കാർ ഓഹരി വിഹിതം നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ ധനദൗർലഭ്യത കാരണം 2017-18 സാമ്പത്തിക വർഷം അധികമായി തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി3/478/2019/സഹ., തീയതി 21-1-2020)

<u>ശിപാർശ</u>

4216-01-106-98-02—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്ത്പണികൾ)</u>

നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

അധികമായിവന്ന തുകയ്ക്കുള്ള അധിക തുക അനുവദിച്ചിട്ടുണ്ടായിരുന്നു. റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം അധികരിക്കപ്പെട്ട 85,88,000 രൂപ 18-5-2018-ലെ G.O. (Rt.) No.4290/2018/Fin. പ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 3/155/2019/പൊ.മ.വ., തീയതി 28-11-2019)

ശിപാർശ

4216-01-106-98(3)—സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്ത് പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്ക് 13,89,447 രൂപയായിരുന്നു ചെലവ്. പ്രസ്തുത തുകയ്ക്കുള്ള അധിക തുക അനുവദിയ്ക്കുകയും അത് റെഗുലറൈസ് ചെയ്യുന്നതിന് റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികരിക്കപ്പെട്ട തുകയായ 13,89,000 രൂപ 18-5-2018-ലെ G.O. (Rt.) No. 4290/2018/Fin. പ്രകാരം അനുവദിച്ചിട്ടുള്ളതാകുന്നു.

ശിപാർശ

4216-01-106-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 11.9038 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ഈ പദ്ധതിയ്ക്ക് 1,68,22,450 രൂപയായിരുന്നു 2017-18 വർഷത്തെ ചെലവ്. അധികമായി ചെലവ് വന്ന 19.95 ലക്ഷം രൂപ സേവിംഗ്സ് ഉള്ള ശീർഷകത്തിൽ നിന്നും കണ്ടെത്തി റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികരിക്കപ്പെട്ട തുകയായ 19.95 ലക്ഷം രൂപ 18.05.2018-ലെ G.O. (Rt.) No. 4290/2018/Fin. പ്രകാരം അനുവദിച്ചിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 3/155/2019/പൊ.മ.വ., തീയതി 28-11-2019)

ശിപാർശ

2217-05-001-64—മുനിസിപ്പാലിറ്റികൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ

മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം 220 ലക്ഷം രൂപയായിരുന്നു. ബഡ്ജറ്റ് വിഹിതം 1 കോടി രൂപ അധിക തുക ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 230 ലക്ഷം രൂപ ബജറ്റ് വിഹിതം ആയി അനുവദിച്ചിട്ടുണ്ട്. ഇതിൽ 171.65 ലക്ഷം രൂപ ചെലവാക്കുകയും 38.34 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017-18-ന്റെ കുടിശ്ശിക ബില്ലുകളൊന്നും നിലവിലില്ലാത്തതിനാൽ തുടർ നടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2217-05-001-65—ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റും ചെലവുകളും

01-4—മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്

വിവിധ ജില്ലാ ഓഫീസുകളിൽ 2013 മുതലുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കുടിശ്ശികയായി നിലനിൽക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈയിനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 8,00,000 രൂപയായിരുന്ന ബജറ്റ് വിഹിതം. 3 ലക്ഷം രൂപ അധിക തുക ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 8,40,000 രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

06—വാടക, കരം, നികുതി

ജില്ലാ ഓഫീസുകളുടെ വാടക തുക കൊടുത്തുതീർക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം RRT എന്ന ശീർഷകത്തിൽ 15,00,000 രൂപയായിരുന്നു ബജറ്റ് വിഹിതം. 3 ലക്ഷം രൂപ അധിക തുക ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 30,35,000 രൂപ ബജറ്റ് വിഹിതം ആയി അനുവദിച്ചിട്ടുണ്ട്. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

21—<u>മോട്ടോർ വാഹനം</u>

പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും പഴയവ പുതുക്കുന്നതിനുമായി നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം 1,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. 28-7-2017-ലെ G.O.(Rt.) No.2626/2017/LSGD സർക്കാർ ഉത്തരവ് പ്രകാരം പുതിയ വാഹനം വാങ്ങുന്നതിന് കംപ്യൂട്ടറൈസേഷൻ ആൻഡ് മോഡേണൈസേഷൻ സ്കീമിൽ തുക വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

21-2—<u>അറ്റകുറ്റപ്പണികളും മെയിന്റനൻസും</u>

വാഹനങ്ങളുടെ സുരക്ഷാചെലവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം റിപ്പയർ ആൻഡ് മെയിന്റനൻസ് എന്ന ശീർഷകത്തിൽ 2,30,000 രൂപയായിരുന്നു ബജറ്റ് വിഹിതം. ഇതിൽ 1,49,173 രൂപ ചെലവാക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 2,41,000 രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

45—<u>പി.ഒ.എൽ.</u>

അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം പി.ഒ.എൽ. എന്ന ശീർഷകത്തിൽ 3,79,000 രൂപയായിരുന്നു ബജറ്റ് വിഹിതം. ഇതിൽ 3,17,101 രൂപ ചെലവാക്കുകയും ബാക്കി സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 3,97,000 രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2217-05-001-69—<u>നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

നഗരാസൂത്രണ വകുപ്പിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി മേൽ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം 55,00,000 രൂപയായിരുന്നു ബജറ്റ് വിഹിതം. കൂടാതെ ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റ് വിഹിതം ആയി അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ ടി ശിപാർശയിൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

21-1 —മോട്ടോർ വാഹനങ്ങൾ

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-1—മോട്ടോർ വാഹനങ്ങൾ, 21-2—മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം മുഖ്യനഗരാസൂത്രകയുടെ ഓഫീസിലെ മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 61,000 രൂപയായിരുന്നു ബജറ്റ് വിഹിതം. 50,000 രൂപ അധിക തുക ആവശ്യപ്പെട്ടിരുന്നു. ടി വർഷം 38,361 രൂപ ചെലവാക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

45—പി.ഒ.എൽ.

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 45—പി.ഒ.എൽ. എന്ന ഇനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം പി.ഒ.എൽ. എന്ന ശീർഷകത്തിൽ 1,62,000 രൂപയായിരുന്നു ബജറ്റ് വിഹിതം. ടി വർഷം 1,60,713 രൂപ ചെലവാക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 1,50,000 രൂപ ബജറ്റ് വിഹിതം ആയി അനുവദിച്ചിരുന്നു. 2017-18-ലെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ തുടർനടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2217-05-051-98—<u>പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് കെട്ടിട നിർമ്മാണം</u>

പുതുതായി രൂപംകൊണ്ട മുനിസിപ്പാലിറ്റികളിൽ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

പുതുതായി രൂപംകൊണ്ട മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. 9 പ്രൊപ്പോസലുകൾ വിവിധ നഗരസഭകളിൽ നിന്നും ലഭിച്ചു. പയ്യോളി, ഏറ്റുമാനൂർ, കുത്താട്ടുകുളം എന്നീ നഗരസഭകളുടെ പ്രോജക്ടുകൾ സർക്കാരിന്റെ 28-9-2017-ലെ വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ആകെ 3 കോടി രൂപയുള്ള ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ കൂടുതൽ തുക ആവശ്യമില്ല. കൂടാതെ KIIFB ധനസഹായം പ്രയോജനപ്പെടുത്തി പുതിയ മുനിസിപ്പാലിറ്റികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. KIIFB പ്രോജക്ടുകളുടെ നടത്തിപ്പിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുള്ളതും IMPACT Kerala എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2217-80-800-71—<u>നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം</u>

ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനായി ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈയിനത്തിൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

2017-18 ബഡ്ജറ്റിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനായി 1909 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 791.89 ലക്ഷം രൂപ ശുചിത്വ മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പരിഗണിക്കപ്പെട്ടിരുന്ന പ്രോജക്ടുകൾക്ക് പര്യാപ്തമായിരുന്നതിനാൽ അധിക തുകയായി ടി സാമ്പത്തിക വർഷത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

<u>ശിപാർശ</u>

2217-80-001-92—<u>നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും</u>

നഗരകാര്യവകുപ്പിലെയും മുനിസിപ്പൽ കോമൺസർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജി., തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് 30 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ IMG, KILA മുഖേന ലഭ്യമാക്കിയിരുന്ന ട്രെയിനിംഗ് ഷെഡ്യൂൾ പ്രകാരമുള്ള തുക അനുവദിക്കുന്നതിന് നിലവിലുണ്ടായിരുന്ന ബഡ്ജറ്റ് വിഹിതമായ 25 ലക്ഷം രൂപ പര്യാപ്തമായിരുന്നതിനാൽ അധിക തുകയ്ക്കായി വീണ്ടും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2217-80-003-99-34—നഗരഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥൻമാർക്കും അപ്രന്റീസുകൾക്കും പരിശീലം നൽകൽ - മറ്റ് ചെലവുകൾ

നഗരകാര്യ വകപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കൂടുതൽ പരിശീലന പരിപാടികൾ നടത്തുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും അപ്രന്റിസുകൾക്കും പരിശീലനം നൽകൽ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ ആയിരുന്നു ബജറ്റ് വിഹിതം 15 ലക്ഷം രൂപ അധിക തുക ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 15 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 8,73,162 രൂപ ചെലവാക്കുകയും ബാക്കി സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ശിപാർശയിൽ തുടർ നടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്.എം2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2217-80-800-69—നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ

അന്യനാട്ടുകളിൽ നിന്നും തൊഴിലിനായും മറ്റ് അവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞവരുമാനക്കാർക്ക് രാത്രികാല അഭയകേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നോർത്ത് പറവൂർ നഗരസഭയിൽ രാത്രികാല അഭയകേന്ദ്രം നിർമ്മിക്കുന്നതിനായി 1 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിരുന്നെങ്കിലും പദ്ധതി

രേഖ പ്രകാരം ഒരു നഗരസഭയ്ക്ക് പരമാവധി അനുവദിക്കാവുന്ന തുക 25 ലക്ഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും ടി തുക പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അപര്യാപ്തമായിരുന്നതിനാലും ബഡ്ജറ്റ് തുക ചെലവഴിക്കപ്പെട്ടിരുന്നില്ല. കൂടാതെ മറ്റ് നഗരസഭകളിൽനിന്നും യോഗ്യമായ പ്രൊപ്പോസലുകൾ ലഭിച്ചിരുന്നതുമില്ല. ആയതിനാൽ അധിക തുക സമാഹരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം. 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2217-80-800-76—<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിൽ നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

2017-18 വർഷത്തിൽ ടി പദ്ധതിക്കായി 25 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി സാമ്പത്തിക വർഷത്തിനുള്ളിൽ തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2217-05-800-72—<u>ഹരിത കേരള മിഷൻ (നഗരം)</u>

ജലവിഭവ സംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി മേൽശീർഷകത്തിൽ 9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

ഹരിത കേരളം പദ്ധതി ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഹരിതകേരളം പദ്ധതിക്കായി 2017-18 വർഷം ഹരിത കേരളം മിഷനിൽ നിന്നോ ശുചിത്വ മിഷനിൽനിന്നോ അധിക തുകയ്ക്കായുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല

ആയതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2217-05-192-77—ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 80 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട നഗരസഭകളിൽ നിന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 21-11-2017-ലെ സ.ഉ. (സാധാ.) നമ്പർ 3733/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ചെങ്ങന്നൂർ, പത്തനംതിട്ട, തിരുവല്ല, ഏറ്റുമാനൂർ, പാല, പന്തളം എന്നീ നഗരസഭകൾക്കായി ആകെ 1 കോടി രൂപ അനുവദിച്ചിട്ടുള്ളതും നഗരസഭകൾക്ക് തുക റിലീസ് ചെയ്ത് കൊടുത്തിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 2,00,000 രൂപ

02—വേജസ് 1,50,000 രൂപ

04-1—യാത്രാബത്ത 2,00,000 രൂപ

04-4-അവധിക്കാല യാത്രാ ആനുകൂല്യം 3,96,000 രൂപ

05-1-വാട്ടർ ചാർജ്ജസ് 3,000 രൂപ

05-3-ടെലിഫോൺ ചാർജ്ജസ് 22,000 രൂപ

05-4-മറ്റിനങ്ങൾ 24,000 രൂപ

21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും 43,000 രൂപ

34-3-മറ്റിനങ്ങൾ 1,00,000 രൂപ

99-വിവരസാങ്കേതികവിദ്യ 5,00,000 രൂപ

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

01-4—മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് 2,00,000 രൂപ

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷത്തിലെ ചെലവുകൾക്കായി ഇനി 83,565 രൂപ ബാക്കിയുള്ളതിനാൽ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള തുക ആവശ്യമില്ല.

02-വേജസ്—1,50,000 രൂപ

G.O. (Rt.) No.6454/17/Fin. തീയതി 17-8-2017 പ്രകാരം 1,50,000 രൂപ അധികമായി അനുവദിച്ചിരുന്നു.

04-1—യാത്രാബത്ത 2,00,000 രൂപ

ഈ ഇനത്തിൽ G.O. (Rt.) No. 6454/17/Fin. തീയതി 17-8-2017 പ്രകാരം 2,00,000 രൂപ അധികമായി അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷത്തിലെ ചെലവുകൾക്ക് ഈ തുക മതിയാവുന്നതാണ്.

04-4—അവധിക്കാല യാത്രാനുകൂല്യം 3,96,000 രൂപ

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

05-1—വാട്ടർ ചാർജ് 3,000 രൂപ

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷത്തിലെ ചെലവുകൾക്ക് പ്രസ്തുത തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ല.

05-3—ടെലിഫോൺചാർജ്ജസ് 22,000 രൂപ

G. O. (Rt.) No.6454/17/Fin. തീയതി 17-8-2017 പ്രകാരം 10,000 രൂപ അധികമായി അനുവദിച്ചിരുന്നു.

05-4—<u>മറ്റിനങ്ങൾ 24,000 രൂപ</u>

G.O. (Rt.) No.6454/17/Fin. തീയതി 17-8-2017 പ്രകാരം 24,000 രൂപ അധികമായി അനുവദിച്ചിരുന്നു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും 43,000 രൂപ</u>

ഈ ഇനത്തിൽ G.O. (Rt.) No. 6454/17/Fin. തീയതി 17-8-2017 പ്രകാരം 43,000 രൂപ അധികമായി അനുവദിച്ചിരുന്നു.

34-3—<u>മറ്റിനങ്ങൾ 1,00,000 രൂപ.</u>

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

99—<u>വിവരസാങ്കേതിക വിദ്യ 5,00,000 രൂപ</u>

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2515-00-101-68—<u>ശുചിത്വ കേരളം</u>

ശുചിത്വ കേരളം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

മഴക്കാലപൂർവ്വ ശുചിത്വ കാമ്പയിൻ—12 കോടി 96 ലക്ഷം രൂപ.

ഭരണ ചെലവ്-1 കോടി രൂപ.

ഖര/ദ്രവ മാലിന്യ പരിപാലനം/ഗാർഹിക-5,96,20,000 രൂപ.

ശുചീകരണം/സാമൂഹ്യ പരിസ്ഥിതി/ശുചീകരണം.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്ക് അനുമതി നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

4515-00-800-98(02)—<u>പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാനവിഹിതം)</u>

സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 14.67 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

12.753 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ലഭിക്കുകയും റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ശീർഷകത്തിൽ നിന്നുമുള്ള ആകെ റിലീസ്-112.753 കോടി രൂപ).

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

4515-00-800-98(03)—<u>പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം)</u>

സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

റിലീസ് ചെയ്യാൻ സർക്കാർ അനുമതി നൽകിയത് ആകെ 53 കോടി രൂപ മാത്രമാണ്. അതിനാൽ ബജറ്റ് വിഹിതത്തിനും ഉപരിയായി തുക ലഭിച്ചിട്ടില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(റിലീസ് ചെയ്യാൻ അനുമതി നൽകിയ 53 കോടി രൂപയിൽ 30 കോടി രൂപ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയതിനാൽ 2017-18-ൽ ഈ ശീർഷകത്തിൽ നിന്നുമുള്ള ആകെ റിലീസ് 23 കോടി രൂപ).

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേയ്ക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (കേന്ദ്ര വിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി).

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

കേന്ദ്ര വിഹിതം ശീർഷകത്തിൽ 4.12 കോടി രൂപയും സംസ്ഥാന വിഹിതം ശീർഷകത്തിൽ 3.57 കോടി രൂപയും അടക്കം ആകെ 7.69 കോടി രൂപ അധികമായി ലഭിക്കുകയും റിലീസ് ചെയ്യുകയും ചെയ്തുവെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ശീർഷകത്തിൽനിന്നുമുള്ള ആകെ റിലീസ് 17.69 കോടി രൂപ)

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% കേന്ദ്രാവിഷ്കൃത പദ്ധതി)

വർദ്ധിച്ച മെറ്റീരിയൽ പ്രവൃത്തികൾക്ക് ആനുപാതികമായും വരൾച്ചാ ദുരിതാശ്വാസത്തിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

അധികമായി തുക ആവശ്യമായി വന്നില്ല. ആകെ കേന്ദ്ര വിഹിതമായി ഈ ശീർഷകത്തിൽ നിന്നും റിലീസ് ചെയ്തത് 264.47 കോടി രൂപ അതിൽ 202.02 കോടി കേന്ദ്ര വിഹിതം + 62.45 കോടി സംസ്ഥാന വിഹിതം.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2505-02-101-92—എം.ജി.എൻ.ആർ.ജി.പി.-ക്കുകീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

അധികമായി തുക ആവശ്യമായി വന്നില്ല. (ശീർഷകത്തിൽ നിന്നുമുള്ള ആകെ റിലീസ്-nil)

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2505-02-101-91—എം.ജി.എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടിവരുന്ന നഷ്ടപരിഹാരം

പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

അധികമായി തുക ആവശ്യമായി വന്നില്ല.

(ശീർഷകത്തിൽ നിന്നുമുള്ള ആകെ റിലീസ്-nil)

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

ശിപാർശ

2515-00-003-47-34—വികസന പരിശീലന കേന്ദ്രങ്ങളുടെ (ഇ.ടി.സി.) ശാക്തീകരണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻ-സർവ്വീസ് പരിശീലനം പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

വികസന പരിപാലന കേന്ദ്രത്തിലെ ചില പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ അധികം തുക ആവശ്യമായി വന്നില്ല.

(ശീർഷകത്തിൽ നിന്നുമുള്ള ആകെ റിലീസ്-89.25 ലക്ഷം).

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം 2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

<u>ശിപാർശ</u>

2515-00-102-35—<u>നാഷണൽ റർബൻ മിഷൻ</u>

ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസത്തിനും സംരഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പദ്ധതിക്ക് കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽശീർഷകത്തിൽ സംസ്ഥാന വിഹിതമായി 53 കോടി 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

76.06 കോടി രൂപ അധികമായി ലഭിക്കുകയും റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2216-80-103-99—<u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>

(01)—<u>സഹായധനം</u>

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1 കോടി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം 2216-80-103-99(01) ഗ്രാന്റ്-ഇൻ-എയ്ഡ് ശീർഷകത്തിൽ വകയിരുത്തിയ 95.17 ലക്ഷം രൂപയിൽ 60 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിരുന്നു. ശേഷിക്കുന്ന 35.17 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിരുന്നുവെങ്കിലും കെ.എസ്. എച്ച്.ബി.-യുടെ STSB അക്കൗണ്ട് 701010200000083-ൽ 8,51,90,865 രൂപ ശേഷിക്കുന്നതിനാലും സാമ്പത്തിക വർഷം അവസാനിച്ചതിനാലും പ്രസ്തുത തുക നൽകിയിരുന്നില്ല. ആയതിനാൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക ഈ സാമ്പത്തിക വർഷം അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 23-4-2020)

<u>ശിപാർശ</u>

2216-80-103-99(35)—<u>ലക്ഷം വീട് ബമ്പർ ലോട്ടറി-തനത് വരുമാനം</u>

കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 6 കോടി 16 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച തുകയായ 6.16 കോടി രൂപയിൽ 1.5 കോടി രൂപ 2018-19 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയിരുന്നു. ബാക്കി തുകയ്ക്കുള്ള പ്രൊപ്പോസൽ 2018-19 സാമ്പത്തിക വർഷം ഭവന നിർമ്മാണ ബോർഡ് സമർപ്പിക്കാത്തതിനാൽ തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 23-4-2020)

<u>ശിപാർശ</u>

2216-80-103-99(37)— <u>ഗൃഹശ്രീ - സബ്സിഡി</u>

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ഗൃഹശ്രീ സബ്സിഡിക്കായി 2018-19 വർഷം 2600 ലക്ഷം രൂപ 2216-80-103-99-(37) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. അതിൽ 433 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചില്ല. ആയതിനാൽ സമിതി അധികമായി ശിപാർശ ചെയ്ത 74 കോടി രൂപ ടി സാമ്പത്തിക വർഷം അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ HSG/B2/58/2018/HSG, തീയതി 23-4-2020)

<u>ശിപാർശ</u>

2225-02-283-89—<u>ജനറൽ ഹൗസിംഗ്</u>

2018-19 സാമ്പത്തിക വർഷം 10000 പുതിയ വീടുകൾ നിലവിലുള്ള 3.5 ലക്ഷം രൂപ നിരക്കിൽ അനുവദിക്കുന്നതിന് മേൽശീർഷകത്തിൽ 350 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം 2225-02-283-89-(പി)—ഭവനരഹിതർക്ക് ഭവനം ശീർഷകത്തിൽ 1,27,00,00,000 രൂപ വകയിരുത്തുന്നു. കൂടാതെ ധനപുനർവിനയോഗം വഴി 11,51,85,000 രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന 5,39,00,000 രൂപയും അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ എം.18/പജ.പവ.വിവ., തീയതി 10-1-2020)

<u>ശിപാർശ</u>

2217-05-001-69—<u>നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

നഗരാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ എല്ലാ കാര്യാലയങ്ങളും പേപ്പർരഹിതമാക്കുന്നതിനും സാങ്കേതിക ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തുടനീളം യാത്ര ചെയ്യുന്നതിന് ഓഫീസ് വാഹനം സജ്ജമാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിലെ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും 2217-05-001-69-34 എന്ന ശീർഷകത്തിൽ 1,00,00,000 രൂപയായിരുന്നു. ബജറ്റ് വിഹിതം 29-9-2018-ലെ G.O.(P) 153/18/Fin.പ്രകാരം പദ്ധതി വിഹിതം 80% ആയി നിജപ്പെടുത്തുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം 10,50,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-001-68—<u>മാനുഷിക അധിവാസത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേകതകളുടെ ഗവേഷണവും വികസനവും, ആസൂത്രണവും വികസനവും</u>

മുഖ്യമന്ത്രിയുടെ ഹൈ ഇംപാക്റ്റ് പ്രോജക്ടുകളിൽ ഉൾപ്പെട്ട പാർക്കിംഗ് പോളിസി തയ്യാറാക്കുന്നതിനുള്ള പഠനവും നെൽവയൽ തണ്ണീർത്തട സംരക്ഷണം/വികസനം എന്ന പഠനവും 2018-ഓടെ എല്ലാ കോർപ്പറേഷനുകളിലും പൂർത്തിയാക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽശീർഷകത്തിൽ 2 കോടി 6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

2217-05-001-68 മാനുഷിക അധിവാസത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രത്യേകതകളുടെ ഗവേഷണവും വികസനവും എന്ന ശീർഷകത്തിൽ 20,00,000 രൂപയായിരുന്നു ബജറ്റ് വിഹിതം. 29-9-2018-ലെ G. O. (P)153/18/Fin. പ്രകാരം പദ്ധതി വിഹീതം 80% ആയി നിജപ്പെടുത്തുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം 2,06,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ</u>

06—<u>വാടക, കരം, നികുതി</u>

നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ കീഴിലുള്ള നാല് ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക കുടിശ്ശിക തീർക്കുന്നതിനായി മേൽ ശീർഷകത്തിൽ 9,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

19-11-2018-ലെ G.O. (Rt.) No. 9523/2018/Fin. ഉത്തരവ് പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വാടക, കരം, നികുതി (2217-05-001-65-06) എന്ന ഇനത്തിൽ വാടക കുടിശ്ശിക തീർക്കുന്നതിനായി 8,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

21-1—<u>വാഹനം വാങ്ങൽ</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2217-05-001-69-34 നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും എന്ന ശീർഷകത്തിലെ തുക വിനിയോഗിച്ചുകൊണ്ട് ഏഴ് ജില്ലാ ഓഫീസുകൾക്ക് പുതിയ വാഹനം വാങ്ങുന്നതിന് 11-6-2018-ലെ G. O. (Rt.) No. 1583/2018/LSGD ഉത്തരവ് പ്രകാരം അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഏഴ് പുതിയ വാഹനം വാങ്ങി ജില്ലകൾക്ക് നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ടി ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടേണ്ടിവന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-001-64—<u>വിശദമായ മാസ്റ്റർപ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി</u>

മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

2217-05-001-64 വിശദമായ മാസ്റ്റർപ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി ശീർഷകത്തിൽ 2,30,00,000 രൂപയായിരുന്ന ബജറ്റ് വിഹിതം. 29-9-2018-ലെ GO(P) 153/18/Fin. പ്രകാരം പദ്ധതി വിഹിതം 80% ആയി നിജപ്പെടുത്തിയ സാഹചര്യത്തിൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം 10,50,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലെയും മാസ്റ്റർപ്ലാൻ സമയബന്ധിതവും കുറ്റമറ്റ രീതിയിലും തയ്യാറാക്കുന്ന നടപടികൾ ഈ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള ദേശീയ/അന്തർദ്ദേശീയ ഏജൻസികൾക്ക് പുറംകരാർ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രാരംഭമെന്ന നിലയിൽ ഈ പദ്ധതിക്ക് 6 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

കേരള നഗരഗ്രാമാസൂത്രണ നിയമം 2016 പ്രകാരം ഇപ്രകാരമുള്ള ഏജൻസികൾ വഴി മാസ്റ്റർപ്ലാൻ തയ്യാറാക്കാവുന്നതാണ്. നിലവിലുള്ള എല്ലാ നഗരസഭ പ്രദേശങ്ങളുടെയും മാസ്റ്റർപ്ലാനുകൾ ഈ വകുപ്പ് തയ്യാറാക്കുന്നുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലാണ്. ആയതിനാൽ ഇനി തയ്യാറാക്കേണ്ടിവരുന്ന മാസ്റ്റർപ്ലാനുകൾ ഇത്തരം ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ.,തീയതി 5-2-2021)

<u>ശിപാർശ</u>

21-2—<u>മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

മുഖ്യനഗരാസൂത്രകന്റെയും വിജിലൻസിന്റേയും ഓഫീസിലെ മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ ബജറ്റ് വിഹിതമായി 35,000 രൂപ അപര്യാപ്തമായതിനാൽ 50,000 രൂപ അധികം ആവശ്യപ്പെട്ടിരിന്നുവെങ്കിലും അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

45—പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം POL ശീർഷകത്തിൽ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50,000 രൂപ അധികം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-800-91—<u>ഭൂമിശാസ്ത്ര വിവര സംവിധാനവും വാനഭൂപട നിർമ്മാണവും</u>

നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജി.ഐ.എസ്. സംവിധാനം ശക്തിപ്പെടുത്തുക, ജീവനക്കാർക്ക് ജി.ഐ.എസിൽ പരിശീലനം നൽകുക, ആവശ്യമായ സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുക പൊതുജനങ്ങൾക്ക് അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും വ്യവസ്ഥകൾ വീക്ഷിക്കുന്നതിനും അന്വേഷണങ്ങൾ നടത്തുന്നതിനുമായി വെബ് അധിഷ്ഠിത ജി.ഐ.എസ്. തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ഭൂമിശാസ്ത്ര വിവര സംവിധാനവും വാനഭൂപട നിർമ്മാണവും 2217-05-800-91 ശീർഷകത്തിൽ 15,00,000 രൂപയായിരുന്നു ബജറ്റ് വിഹിതം. 29-9-2018 ലെ GO(P) 153/18/Fin. പ്രകാരം പദ്ധതി വിഹിതം 80% ആയി നിജപ്പെടുത്തിയ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം 5,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-191-74—<u>പ്രധാനമന്ത്രി ആവാസ് യോജന-കേന്ദ്രാവിഷ്കൃത പദ്ധതി</u>

നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി മേൽശീർഷകത്തിൽ 160 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയ്ക്കായി 2018-19 വർഷം കുടുംബശ്രീയിൽനിന്നും അധിക തുകയ്ക്കായുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-192-72—<u>പ്രധാനമന്ത്രി ആവാസ് യോജന-കേന്ദ്രാവിഷ്കൃത പദ്ധതി</u>

പദ്ധതി പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 640 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയ്ക്കായി 2018-19 വർഷം കുടുംബശ്രീയിൽ നിന്നും അധിക തുകയ്ക്കായുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-05-051-99—<u>ലൈഫ് പാർപ്പിട മിഷൻ (അർബൻ)</u>

ഭൂമിയില്ലാത്ത ഭവനരഹിതർക്കായി എല്ലാ ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ തയ്യാറാക്കിയ പദ്ധതിക്ക് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 207 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

ലൈഫ് മിഷൻ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയ്ക്കുള്ള പ്രൊപ്പോസൽ നൽകേണ്ടത് ലൈഫ് മിഷനിൽ നിന്നുമാണ്. പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

ശിപാർശ

നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

23-8-2018-ലെ ജി.ഒ.(ആർ.റ്റി) 777/2018/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം IMPACT KERALA Ltd.-ന് '4217-60-190-91-Share Capital Contribution to IMPACT KERALA Ltd.' എന്ന ശീർഷകത്തിൽനിന്നും Share Capital ആയി 10 ലക്ഷം രൂപ അനുവദിക്കുകയും ടി തുക നഗരകാര്യ ഡയറക്ടറുടെ Special TSB അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിരുന്നു. തുടർന്ന് ഈ തുക നഗരകാര്യ ഡയറക്ടർ 29-9-2018-ന് IMPACT KERALA കമ്പനിയുടെ Canara Bank- ലെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

ശിപാർശ

നഗരസഭാ ദിനാഘോഷത്തിന്റെ ഭാഗമായി മികച്ച നഗരസഭകളെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നതിനും മുൻവർഷത്തെ സമ്മാന തുകകൾ നൽകുന്നതിനുമായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 1 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

മികച്ച നഗരസഭകൾക്കായുള്ള അവാർഡ് തുക 3604-00-20-91(NP) ജനറൽ സെക്ടർ ഇനത്തിലാണ് അനുവദിച്ചിട്ടുള്ളത്. 2015-16, 2016-17 വർഷങ്ങളിലെ മികച്ച മുനിസിപ്പാലിറ്റിയായി തെരഞ്ഞെടുക്കുന്ന ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 25 ലക്ഷം, 15 ലക്ഷം, 10 ലക്ഷം രൂപയും മികച്ച കോർപ്പറേഷനായി തെരഞ്ഞെടുക്കുന്ന

കോർപ്പറേഷന് 25 ലക്ഷം രൂപയും എന്ന ക്രമത്തിൽ 2 വർഷത്തെ അവാർഡ് തുക നൽകുന്നതിനായി 1,50,00,000 (ഒന്നരക്കോടി രൂപ മാത്രം) ജനറൽ സെക്ടറിൽ നിന്ന് അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

ശിപാർശ

നഗരകാര്യ ഡയറക്ടറേറ്റിൽ 2 ജോയിന്റ് ഡയറക്ടർമാർക്കും ഫിനാൻസ് ഓഫീസർ എന്നിവർക്കുമായി ഒരു കാർ മാത്രമാണുള്ളതെന്നും ആയതിന് 10 വർഷത്തെ പഴക്കമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒരു പുതിയ വാഹനം വാങ്ങേണ്ടതിലേക്ക് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 30 ലക്ഷം രൂപ അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2018-19 വർഷത്തിൽ ഈ ശീർഷകത്തിൽ തുകകളൊന്നും അനുവദിച്ച് നൽകിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

ശിപാർശ

2217-80-800-92—അടിസ്ഥാന സൗകര്യ വികസന സെൽ

നഗരകാര്യ ഡയറക്ടറേറ്റിലെ ഫെയർകോപ്പി സെക്ഷൻ ഫർണിഷ് ചെയ്യുന്നതിന് നിലവിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

ശിപാർശ

2217-05-192-77—ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്

ശബരിമല തീർത്ഥാടനകാലത്ത് തിരക്കേറുന്ന പന്തളം ഉൾപ്പെടെയുള്ള നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1 കോടി രൂപ 11-10-2018-ലെ സ. ഉ. (സാധാ.) നമ്പർ 2615/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നഗരസഭകൾക്ക് വകയിരുത്തിയിരുന്നു. അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സംഭാവന</u>

നഗരസഭകളിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ നൽകുന്ന ഇനത്തിൽ 250 കോടി രൂപയുടെ ബാധ്യതയുള്ളതായിട്ടും എന്നാൽ ആയതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽശീർഷകത്തിൽ 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ SDG 1st Batch ആയി 50 കോടി രൂപയും SDG final Batch ആയി 50 കോടി രൂപയും ഉൾപ്പെടെ 100 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും സർക്കാർ പിൻവലിച്ച 21,13,59,173 രൂപ മാത്രമാണ് റിലീസ് ചെയ്ത് സെൻട്രൽ പെൻഷൻ ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുവാൻ സാധിച്ചത്. മറ്റ് തുകകളൊന്നും 2018-19 സാമ്പത്തിക വർഷത്തിൽ ലഭ്യമായിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

2515-00-101-63—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 25,000 രൂപ</u>

02-5—<u>ദിവസ വേതനം 37,000 രൂപ</u>

04-1—<u>യാത്രാബത്ത 50,000 രൂപ</u>

04-4—<u>അവധി യാത്രാനുകൂല്യം 2,50,000 രൂപ</u>

05-3—<u>ടെലിഫോൺ ചാർജ്ജസ് 24,000 രൂപ</u>

05-4—<u>മറ്റിനങ്ങൾ 41,000 രൂപ</u>

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും 10,000 രൂപ</u>

45—<u>പി.ഒ.എൽ. 36,000 രൂപ</u>

99—<u>വിവരസാങ്കേതികവിദ്യ 5,85,000 രൂപ</u>

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 25,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുകയിൽ 38,679 രൂപ ചെലവഴിച്ചു. അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

02-5—<u>ദിവസ വേതനം 37,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുകയിൽ 3,82,020 രൂപ ചെലവഴിച്ചു. അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

04-1—<u>യാത്രാബത്ത 50,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുകയിൽ 1,73,585 രൂപ ചെലവഴിച്ചു. അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

04-4—<u>അവധി യാത്രാനുകൂല്യം 2,50,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുക ഒന്നും തന്നെ ചെലവായിട്ടില്ല

05-3—<u>ടെലിഫോൺ ചാർജ്ജസ് 24,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുകയിൽ 27,993 രൂപ ചെലവഴിച്ചു. അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

05-4—<u>മറ്റിനങ്ങൾ 41,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുക ഒന്നും തന്നെ ചെലവയായിട്ടില്ല.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും 10,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുകയിൽ 14,944 രൂപ ചെലവഴിച്ചു. അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

45—<u>പി.ഒ.എൽ. 36,000 രൂപ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ 25,806 രൂപ ചെലവായിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

99—<u>വിവരസാങ്കേതികവിദ്യ 5,85,000 രൂപ</u>

ഈ ഇനത്തിൽ അനുവദിച്ച തുക ഒന്നുംതന്നെ ചെലവയായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക ഒരു വർഷത്തേക്ക് പരമാവധി 25 ലക്ഷം രൂപ ആയി പരിമിതപ്പെടുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി മേൽ ശീർഷകത്തിൽ 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

<u>സ്വീകരിച്ച നടപടി</u>

14-5-2018-ൽ ഈ വിഷയം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സപ്ലിമെന്ററി ഡിമാന്റ് വഴി അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

4515-00-103-98—<u>മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്പ്മെന്റ് ഓർഗനൈസേഷന് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായം</u>

കെട്ടിടത്തിന്റെ ഭരണാനുമതി തുക 41,54,000 രൂപയാണെന്നും അതിനാൽ 8,31,000 രൂപയുടെ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കെട്ടിടം പണി നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കണമെന്നതിനാൽ ശേഷിക്കുന്ന 33,22,000 രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 50)

<u>സ്വീകരിച്ച നടപടി</u>

G.O. (Rt.) No. 1037/2017/LSGD dated 31-3-2017 പ്രകാരം മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആൻഡ് എക്യുപ്മെന്റ് ഓർഗനൈസേഷന് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുക 4,154,000 രൂപയായതിനാൽ 2017-18 സാമ്പത്തിക വർഷം പാർട്ട് ബില്ലായി അനുവദിച്ച 8,31,000 കിഴിച്ച് ബാക്കി തുകയായ 33,22,000 രൂപ 4515-00-103-98 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നാണ് സമിതി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക 32,91,560 രൂപയാണ് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD Sub Division, മൂവാറ്റുപുഴ അറിയിച്ചതിൻപ്രകാരം ബാക്കി തുക 24,60,560 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച് ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും തുടർന്ന് 2018 ഡിസംബർ മാസത്തെ ഉപധനാഭ്യർത്ഥനയിൽ ടി തുക ഉൾപ്പെടുത്തി അധികച്ചെലവ് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2501-01-196-48—<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിൻജൻസി ചെലവുകളും വഹിക്കുന്നതിന് സംസ്ഥാന വിഹിതമായി 4 കോടി രൂപയും കേന്ദ്ര വിഹിതമായി 6 കോടി രൂപയും അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചു നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

2215-102-34—<u>ലൈഫ് പാർപ്പിട മിഷൻ (റൂറൽ) (പദ്ധതി)</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിക്കുന്ന വ്യക്തിഗത ഭവനങ്ങൾക്ക് സർക്കാർ വിഹിതം നൽകുന്നതിനും ലൈഫ് മിഷന്റെ ഭരണനിർവ്വഹണ ചെലവുകൾക്കുമായി മേൽശീർഷകത്തിൽ 293 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക 2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2235-02-50-92—<u>ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി</u>

ക്ഷേമ പെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 75 കോടി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

<u>സ്വീകരിച്ച നടപടി</u>

2235-02-50-92—ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം സർക്കാർ നിയന്ത്രണത്തിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി 5,04,25,37,100 രൂപ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2235-03-48-99—<u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ 1,500 രൂപയായി വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3279 കോടി 52 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

2235-03-48-99—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം സർക്കാർ നിയന്ത്രണത്തിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി 28,32,15,00,140 രൂപ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2235-60-50-99 —<u>അഗതികൾക്കുള്ള പെൻഷൻ</u>

അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും പെൻഷൻഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 444 കോടി 29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

2235-60-50-99 അഗതികൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം സർക്കാർ നിയന്ത്രണത്തിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി 16,17,92,69,240 രൂപ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം.117/എഫ്.എം.2/2018/ത.സ്വ.ഭ.വ. തീയതി 5-2-2021)

<u>ശിപാർശ</u>

2235-60-50-98—<u>കർഷക തൊഴിലാളി പെൻഷൻ</u>

കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 88 കോടി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

2235-60-50-98—കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 5,99,81,10,020 രൂപ സർക്കാർ നിയന്ത്രണത്തിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

<u>ശിപാർശ</u>

2235-60-50-96—<u>സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി</u>

ക്ഷേമപെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 8 കോടി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

2235-60-50-96 സാമൂഹ്യ സുരക്ഷിതത്വ പദ്ധതി അനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 1,01,68,11,460 രൂപ സർക്കാർ നിയന്ത്രണത്തിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 117/എഫ്.എം.2/2018/ത.സ്വ.ഭ.വ., തീയതി 5-2-2021)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2225-02-283-89—<u>ഭവന രഹിതർക്ക് ഭവനം</u>

ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത 2916 വീടുകളുടെ പൂർത്തീകരണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി 60 കോടി ഉൾപ്പെടെ 100 കോടി രൂപ ആവശ്യമുള്ളതായി സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 42.80 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

2019-2020 സാമ്പത്തിക വർഷം 2225-02-283-89 (പ്ലാൻ) ഭവന രഹിതർക്ക് ഭവനം ശീർഷകത്തിൽ 57,20,00,000 രൂപ വകയിരുത്തിയിരുന്നു. ആയതിനുപുറമെ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്ക് ആവശ്യമായ 30,00,00,000 രൂപ ധനപുനർവിനിയോഗംവഴി കണ്ടെത്തിയിരുന്നു. അത്തരത്തിൽ ഈ ശീർഷകത്തിൽ ആകെ 87,20,00,000 രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിരുന്നു. ഭവന നിർമ്മാണ ശീർഷകത്തിൽ വകയിരുത്തുന്ന തുക ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിപ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വകുപ്പ് മുഖേന അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനുമായിട്ടാണ് വിനിയോഗിക്കുന്നത്. അത്തരത്തിൽ ലൈഫ് മിഷൻ ഒന്നാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിക്കാനുണ്ടായിരുന്ന 12052 വീടുകളിൽ 11134 എണ്ണം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 2019-2020 സാമ്പത്തിക വർഷം 1302 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ നാളിതുവരെ 818 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 2019-20 സാമ്പത്തിക വർഷം 639 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 84,89,00,000 രൂപ വിനിയോഗിച്ച് ടി രണ്ട് പദ്ധതികളിലൂടെ ആകെ 1941 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ പി.എം.1/313/2019/പ.ജ.പ.വ.വ., തീയതി 18-8-2020)

<u>ശിപാർശ</u>

4216-80-195-99(05)—<u>പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം</u>

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ധന സഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

സംഘങ്ങളുടെ മൂലധന സ്വരൂപണത്തിൽ സർക്കാരിന്റെ പങ്കാളിത്തം അനിവാര്യമായതിനാൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സംഘങ്ങൾക്ക് സർക്കാർ മൂലധന സഹായം നൽകുന്നതിനായി 4216-80-195-99(05) എന്ന ശീർഷകത്തിൽ 400 ലക്ഷം

രൂപ കൂടി Additional Authorization/SDG ആയി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞാലേ പ്രസ്തുത ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ കഴിയൂ.

എന്നാൽ പ്രസ്തുത ശീർഷകത്തിൽ തുക മൊത്തം ചെലവഴിക്കാഞ്ഞതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം രജിസ്ട്രാറിൽ നിന്നും ലഭിച്ചില്ല. ആയതിനാൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ സഹ.ബി3/386/2019/സഹ.വ., തീയതി 18-8-2020)

ശിപാർശ

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

മുഖ്യനഗരാസൂത്രകന്റെയും വിജിലൻസിന്റേയും ഓഫീസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-1—വിനോദസഞ്ചാര ബത്ത-26,000 രൂപ

45—പി.ഒ.എൽ. 50000 രൂപ

21-2—മോട്ടോർവാഹനം-സംരക്ഷണവും അറ്റകുറ്റപ്പണികളും-50,000 രൂപ

(ഖണ്ഡിക നമ്പർ 12)

സ്വീകരിച്ച നടപടി

04-1—വിനോദ യാത്രാ ബത്ത -25,000 രൂപ

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 2,00,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. 2019-20 വർഷത്തെ കുടിശ്ശിക ബില്ലുകൾ നിലവിലില്ലാത്തതിനാൽ ടി ശിപാർശയിൽ തുടർ നടപടി ആവശ്യമില്ല.

45—പി. ഒ. എൽ- 50,000 രൂപ

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 1,65,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ടി ശിപാർശയിൽ തുടർ നടപടി ആവശ്യമില്ല.

21-2—മോട്ടാർ വാഹനം-സംരക്ഷണവും അറ്റകുറ്റ പണികളും -50,000 രൂപ

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 40,000 രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. 24-1-2020-ലെ G.O. (Rt.) No. 707/2020/Fin. ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം വാടക-കരം-നികുതി എന്ന ഇനത്തിൽ 20,000 രൂപ അനുവദിച്ച് നൽകുകയുണ്ടായി. 2019-20-ന്റെ കുടിശ്ശിക ബില്ലുകളൊന്നും നിലവിലില്ലാത്തതിനാൽ തുടർ നടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2217-05-001-69—നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

നഗരാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ എല്ലാ കാര്യാലയങ്ങളും പേപ്പർരഹിതമാക്കുന്നതിനും സാങ്കേതിക ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തുടനീളം യാത്ര ചെയ്യുന്നതിന് ഓഫീസ് വാഹനം സജ്ജമാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നു. ആയതിനാൽ മേൽ ശീർഷക ത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 13)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 100 ലക്ഷം രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. 2019-20-ന്റെ കുടിശ്ശിക ബില്ലുകളൊന്നും നിലവിലില്ലാത്തതിനാൽ തുടർ നടപടി ആവശ്യമില്ല.

ശിപാർശ

2217-05-001-68—മാനുഷിക അധിവാസത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേകതകളുടെ ഗവേഷണവും വികസനവും, ആസൂത്രണവും വികസനവും

മുഖ്യമന്ത്രിയുടെ ഹൈ ഇംപാക്റ്റ് പ്രോജക്ടുകളിൽ ഉൾപ്പെട്ട നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനും വികസനത്തിനും അനുയോജ്യമായ സ്ഥലലഭ്യത ഉറപ്പാക്കുന്നതിനും തണ്ണീർത്തടങ്ങളുടെ മികച്ച ഉപയോഗത്തിനും ആവശ്യമായ പഠനം തിരുവനന്തപുരം നഗര പ്രദേശങ്ങളിൽ നടത്തുന്നതിനാവശ്യമായ ഓഫീസ് ചെലവുകൾക്ക് 20 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 2 ലക്ഷം രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. ഇതിൽ 52,833 രൂപ ചെലവാക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും</u>

മേൽശീർഷകത്തിൽ വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ കൊടുത്തിട്ടുള്ള ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 15)

<u>സ്വീകരിച്ച നടപടി</u>

06—<u>വാടക, കരം, നികുതി-2 ലക്ഷം രൂപ</u>

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 32,35,000 രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. 2019-20 വർഷത്തെ കുടിശ്ശിക ബില്ലുകളൊന്നും നിലവിലില്ലാത്തതിനാൽ തുടർ നടപടി ആവശ്യമില്ല.

45—<u>പി.ഒ.എൽ. - 5 ലക്ഷം രൂപ</u>

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 5,00,000 രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. ടി ശിപാർശയിൽ തുടർ നടപടി ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

2217-05-001-64—<u>വിശദമായ മാസ്റ്റർ പ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി</u>

മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4.70 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 2,30,00,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ഇതിൽ 1,23,03,205 രൂപ ചെലവാക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തു. തുടർ നടപടി ആവശ്യമില്ല.

<u>ശിപാർശ</u>

സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിനായി മാസ്റ്റർ പ്ലാൻ സമയബന്ധിതവും കുറ്റമറ്റ രീതിയിലും തയ്യാറാക്കുന്ന നടപടികൾ ഈ രംഗത്ത് വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ദേശീയ/അന്തർദ്ദേശീയ ഏജൻസികൾക്ക് പുറംകരാർ നൽകുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 17)

<u>സ്വീകരിച്ച നടപടി</u>

കേരള നഗര ഗ്രാമാസൂത്രണ നിയമം 2016 പ്രകാരം ഇപ്രകാരമുള്ള ഏജൻസികൾ വഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്. നിലവിലുള്ള എല്ലാ നഗരസഭാ പ്രദേശങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ ഈ വകുപ്പ് തയ്യാറാക്കുന്നുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലാണ്. ആയതിനാൽ ഇനി തയ്യാറാക്കേണ്ടി വരുന്ന മാസ്റ്റർ പ്ലാനുകൾ ഇത്തരം ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

<u>ശിപാർശ</u>

2217-80-001-99-00-21-1—<u>നഗരകാര്യ വകുപ്പിലേയ്ക്ക് വാഹനം വാങ്ങൽ</u>

ആസ്ഥാന ഓഫീസിലും മേഖലാ ജോയിന്റ് ഡയറക്ടേറ്റിലും ഓരോ പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 18)

<u>സ്വീകരിച്ച നടപടി</u>

28-2-2020-ലെ സ. ഉ. (സാധാ.) നമ്പർ 1691/2020/ഫിൻ. ഉത്തരവ് പ്രകാരം "2217-80-001-99-00-21-1" എന്ന ശീർഷകത്തിൽ 14,30,000 രൂപ (പതിനാല് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിക്കുകയും തുടർന്ന് നഗരകാര്യ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് 14,26,552 (പതിനാല് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) ചെലവാക്കി ജെമ്മിലൂടെ ഒരു ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

2217-80-001-95—<u>കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ-വിവരസാങ്കേതികവിദ്യ</u>

ഇ-ഓഫീസ് സംവിധാനത്തിന്റെ അടുത്ത ഘട്ടം നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 19)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ 3.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 600 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 20)

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയ്ക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

നഗരസഭകളുടെ അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഇംപാക്റ്റ് കേരള ലിമിറ്റഡിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 1 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

<u>സ്വീകരിച്ച നടപടി</u>

KIIFB Project-കൾ നടപ്പിലാക്കുന്നതിന് SPV-കൾക്ക് നൽകേണ്ട Centage Charge-കൾ നിശ്ചയിച്ചുകൊണ്ട് 9-5-2017-ലെ G.O. (P) No. 61/2017/Fin. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി Centage Charge ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ചാണ് Impact Kerala-യുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആയതിനാൽ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-80-003-96—<u>പുതുതായി രൂപീകരിച്ച നഗരസഭകളിലെ അക്കൗണ്ടിംഗ് നവീകരണം നടപ്പാക്കൽ (സംസ്ഥാന പദ്ധതി)</u>

പുതുതായി രൂപീകരിച്ച 28 നഗരസഭകളിലെയും അക്കൗണ്ടിംഗ് സമ്പ്രദായം ഡബിൾ എൻട്രി സംവിധാനത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും അനുബന്ധ ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 68 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

<u>സ്വീകരിച്ച നടപടി</u>

പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ അക്കൗണ്ടിംഗ് നവീകരണം ഡബിൾ എൻട്രി സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 6 അക്കൗണ്ട്സ് ഓഫീസർ, 6 ഐ. റ്റി. ഓഫീസർ, 28 അക്കൗണ്ട് അസിസ്റ്റന്റ് എന്നിവരെ ജനവരി, ഫെബ്രുവരി 2020 മാസത്തിലായി 6 മാസത്തേക്ക് നിയമിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 6.83 ലക്ഷം രൂപ ശമ്പളയിനത്തിൽ ചെലവാക്കിയിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-05-051-98—<u>പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം</u>

പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 10 കോടി രൂപ അനുവദിച്ചിരുന്നു. 2019-20 കാലയളവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-05-191-71— <u>(കോർപ്പറേഷനുകൾ)</u>

2217-05-192-70—<u>(മുനിസിപ്പാലിറ്റികൾ) -സ്വച്ച്ഭാരത് മിഷൻ (അർബൻ)</u>

മേൽശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകങ്ങളിൽ 61.79 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 24)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരം ശുചിത്വ മിഷൻ മുഖേന 61.79 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-80-800-82—<u>കലാപൈതൃക സംരക്ഷണ കമ്മീഷൻ (ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ)</u>

കലാപൈതൃക സംരക്ഷണ കമ്മീഷന്റെ പ്ലാനുകളിൽ ഹെറിറ്റേജ് ഏരിയയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ പൈതൃകമൂല്യം നിലനിർത്തുന്നതിനാവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനായി ആ പ്രദേശങ്ങളുടെ ഡോക്കുമെന്റേഷൻ നടത്തേണ്ടതും ഇത് സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ലഘുലേഖ തയ്യാറാക്കേണ്ടതും സെമിനാറുകൾ നടത്തേണ്ടതുണ്ടെന്നും സമിതി കരുതുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 9 ലക്ഷം രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. ടി തുകയിൽ 2,53,331 ചെലവഴിച്ചതിനുശേഷം ബാക്കി 6,46,669 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ ടി ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം 8 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ടി ശിപാർശയിൽ തുടർ നടപടി ആവശ്യമില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2217-80-800-76—<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (സംസ്ഥാന പദ്ധതി)</u>

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപ ധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം അധിക വിഹിതം അനുവദിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 75 കോടിയാണ് വകയിരുത്തിയതെങ്കിലും 32.5 കോടി രൂപയുടെ ബില്ലുകളാണ് മാറി നൽകിയത്. 2019-20 സാമ്പത്തികവർഷം തന്നെ 40.71 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക 2020 ഏപ്രിൽ മാസത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നാണ് അനുവദിച്ച് നൽകിയത്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

4217-60-051-95—<u>സമ്പൂർണ്ണ ഭവന പദ്ധതി- നഗരം (ലൈഫ് പാർപ്പിട മിഷൻ)</u>

നഗരമേഖലയിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 575 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

<u>സ്വീകരിച്ച നടപടി</u>

നഗര ഗ്രാമീണ മേഖലകളിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ കൂടുതൽ തുക 2018-ലും 2019-ലെയും അപ്രതീക്ഷിത പ്രളയ സാഹചര്യം കണക്കിലെടുത്ത് അനുവദിക്കുവാൻ

നിർവ്വാഹമില്ലായിരുന്ന സാഹചര്യത്തിൽ രണ്ടാം ഘട്ട വീട് നിർമ്മാണത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് 425 കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് അനുമതി നൽകുകയും ടി വായ്പ ലഭ്യമാകുകയും ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-001-92—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച 195 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ശമ്പളം നൽകുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10.897 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 36)

സ്വീകരിച്ച നടപടി

ടി 195 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പളം നൽകുന്നതിന് 2515-00-001-92 എന്ന ശീർഷകത്തിൽ 10.897 കോടി രൂപ വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിന് കത്ത് നൽകിയിരുന്നു. ജീവനക്കാരുടെ ശമ്പളം ആയതിനാൽ അതിന് അധികം വരുന്ന തുക സാമ്പത്തിക വർഷത്തിന്റെ അവസാനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. അതു പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ ടി ചെലവ് ക്രമീകരിക്കുന്നതിനായി ധനകാര്യ വകുപ്പിന് അന്തിമ ചെലവ് കണക്ക് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-001-86—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവത്കരണം, കമ്പ്യൂട്ടർവത്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

ഇ-ഗവേണൻസിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്ക്തലത്തിൽ വ്യാപിപ്പിക്കുന്നതിനും ഇ-എം.ബുക്ക് നടപ്പിലാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ 2515-00-001-86 (p.v) എന്ന പ്ലാൻ ശീർഷകത്തിൽ 2.50 കോടി രൂപയ്ക്ക് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുകയും ആ തുകയ്ക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. വർക്കിംഗ് ഗ്രൂപ്പിൽ എം.ബുക്ക് വാങ്ങുന്നതിന് അനുമതി നൽകിയിരുന്നില്ല. കൂടാതെ 30% പ്ലാനിൽ കുറവ് വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നതിനാൽ priority നിശ്ചയിച്ച പ്ലാൻ പുതുക്കിയിരുന്നു. ടി കാരണങ്ങളാൽ പ്ലാനിൽ മാറ്റം വന്നതിനാൽ ആവശ്യപ്പെട്ട 4 കോടി രൂപ 2019-20 സാമ്പത്തിക വർഷം ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2515-00-101-65—<u>സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ)</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 17.4 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-63—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ</u>

02-01—വേജസ് എന്ന ശീർഷകത്തിൽ 4.50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38)

<u>സ്വീകരിച്ച നടപടി</u>

സാങ്കേതിക കാരണങ്ങളാൽ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കാൻ കഴിയാതിരുന്ന സാഹചര്യമായതിനാൽ കൂടുതൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

ജി.ഒ. (ആർറ്റി.) നമ്പർ 3395/19/ഫിൻ. തീയതി 30-5-2019 പ്രകാരം 2515-00-101-63-02-01—വേജസ് എന്ന ശീർഷകത്തിൽ 1,37,000 (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരം) 2515-00-101-63-02-02—ഡി.എ. എന്ന ശീർഷകത്തിൽ 50,000 (അൻപതിനായിരം) 2515-00-101-63-02-023—അദർ അലവൻസ് എന്ന ശീർഷകത്തിൽ 2,000 (രണ്ടായിരം) മൊത്തം 1,89,000 (ഒരു ലക്ഷത്തി എൺപത്തി ഒൻപതിനായിരം) രൂപ അനുവദിച്ചിരുന്നു. എന്നാൽ 2515-00-101-63-02-01—വേജസ് എന്ന ശീർഷകത്തിൽ

നിന്നും 1,42,710 രൂപയും കണ്ടിജന്റ് സ്വീപ്പർ വേതനമായും 2515-00-101-63-02-02—ഡി.എ. എന്ന ശീർഷകത്തിൽ നിന്നും 34,473 രൂപയും 2515-00-101-63-02-03—അദർ അലവൻസ് എന്ന ശീർഷകത്തിൽ നിന്നും 5,250 രൂപ ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-198-39—ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

നബാർഡിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന ആർ.ഐ.ഡി.എഫ്. പദ്ധതികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.65 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-197-39—ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ഗ്രാമ പ്രദേശങ്ങളിൽ വിവിധ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.136 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-196-39—ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 41)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-003-44—മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങളുടെ ശാക്തീകരണം

മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങളുടെ ശാക്തീകരണ പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 42)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1,70,00,000 രൂപ ആയിരുന്നെങ്കിലും 75,36,101 രൂപ മാത്രമെ റിലീസ് ലഭ്യമായുള്ളൂ. ആയതിനാൽ കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

4515-00-800-98(03)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം-അധിക സംസ്ഥാന വിഹിതം

പി.എം.ജി.എസ്.വൈ. പദ്ധതികൾ പൂർത്തിയാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39.57 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 43)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

4515-00-800-97—തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം-പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പദ്ധതി

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായി വിഭാവനം ചെയ്ത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി 4515-00-800-97 എന്ന ശീർഷകത്തിൽ 1,45,31,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

4515-00-800-96—എം.എൽ.എ. -മാരുടെ ആസ്തി വികസന ഫണ്ട്

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

സ്വീകരിച്ച നടപടി

എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുണ്ട്. പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 172.10 കോടി രൂപയ്ക്ക് പുറമെ 52,17,16,000 (52.18 കോടി രൂപ) രൂപ ഉപധനാഭ്യർത്ഥന മുഖേന അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ. തീയതി 4-11-2020)

ശിപാർശ

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 4 കോടി രൂപയും കേന്ദ്ര വിഹിതമായി 6 കോടി രൂപയും ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2505-02-101-99—മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്.)

സ്റ്റേറ്റ് മിഷനിൽ അന്യത്ര സേവനത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 47)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-001-44—ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും

ഗ്രാമവികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും എന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 48)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം സാങ്കേതിക കാരണങ്ങളാൽ വിനിയോഗിക്കാൻ കഴിയാതിരുന്നതിനാൽ കൂടുതൽ തുക വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-001-42—സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം

സ്വരാജ് ഭവനിലെ കോൺഫറൻസ് ഹാൾ ആധുനിക സൗകര്യങ്ങളോടെ സജ്ജീകരിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം സാങ്കേതിക കാരണങ്ങളാൽ വിനിയോഗിക്കാൻ കഴിയാതിരുന്നതിനാൽ കൂടുതൽ തുക വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-102-62—ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ

ബ്ലോക്ക് പഞ്ചായത്തുകളിൽ സിറ്റിസൺ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 50)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം സാങ്കേതിക കാരണങ്ങളാൽ വിനിയോഗിക്കാൻ കഴിയാതിരുന്നതിനാൽ കൂടുതൽ തുക വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2515-00-102-35—നാഷണൽ റർബൻ മിഷൻ

പദ്ധതി നടത്തിപ്പിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 63 കോടി രൂപയും സംസ്ഥാന വിഹിതമായി 42 കോടി രൂപയും ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2515-00-197-36-01—<u>പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം</u>

പനമരം, കല്ല്യാശ്ശേരി, കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണം 2019-20 സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

**ഗ്രാമവികസന ഇന്റേൺഷിപ്പ് പ്രോഗ്രാം**

സംസ്ഥാനം നേരിട്ട മഹാപ്രളയത്തിനുശേഷം വോളന്റീയർമാരുടെ സേവനം ഗ്രാമീണ മേഖലയിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 3.70 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ. തീയതി 4-11-2020)

ശിപാർശ

ഗ്രാമവികസന കമ്മീഷണറേറ്റിൽ ജെൻഡർ സെൽ രൂപീകരണം

ഗ്രാമവികസന വകുപ്പിൽ വനിതകൾക്കുള്ള പ്രാമുഖ്യം കണക്കിലെടുത്ത് സ്ത്രീകളുടെ ശാക്തീകരണത്തിനായി ഒരു ജെൻഡർ സെൽ സ്ഥാപിക്കുന്നതിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 10 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 54)

സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ്-പാർപ്പിട മിഷൻ)

ഗ്രാമീണ മേഖലയിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 1400 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 55)

സ്വീകരിച്ച നടപടി

ഗ്രാമീണ മേഖലയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ 381.62 കോടി രൂപയാണ് 2019-20-ലെ ബജറ്റിൽ വകയിരുത്തിയിരുന്നത്. 2018-ലും 2019-ലെയും അപ്രതീക്ഷിത പ്രളയ സാഹചര്യം കണക്കിലെടുത്ത് അധിക തുക മേൽശീർഷകത്തിൽ അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ സർക്കാർ അനുമതിയോടെ 425 കോടി രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്ന് വായ്പയായി സ്വീകരിക്കുകയുണ്ടായി. കൂടാതെ ഗ്രാമീണ മേഖലയിൽ രണ്ടം ഘട്ട പ്രവർത്തനങ്ങൾക്കായി ഹഡ്കോ അനുവദിച്ചിരുന്ന 3000 കോടി രൂപയുടെ വായ്പാ ഗഡുക്കൾ കൃത്യമായി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2235-02-50-92—ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 596.55 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 56)

സ്വീകരിച്ച നടപടി

2235-02-50-92—ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2020 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 592.7335300 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 3,000 രൂപ ഉൾപ്പെടെ 311.7717100 കോടി രൂപ 2020 മാർച്ച് വരെ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2235-60-50-99—അഗതികൾക്കുള്ള പെൻഷൻ

പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1716.3525 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 57)

സ്വീകരിച്ച നടപടി

2235-60-50-99—അഗതികൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2020 മാർച്ച് മാസം

വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 2084.0780160 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 3,000 രൂപ ഉൾപ്പെടെ 972.3729400 കോടി രൂപ 2020 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2235-60-50-98—കർഷക തൊഴിലാളി പെൻഷൻ

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 629.6926 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 58)

സ്വീകരിച്ച നടപടി

2235-60-50-98—കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2020 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 743.1174640 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 3,000 രൂപ ഉൾപ്പെടെ 344.0792900 കോടി രൂപ 2020 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

ശിപാർശ

2235-60-50-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 107.6421 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 59)

<u>സ്വീകരിച്ച നടപടി</u>

2235-60-50-96-സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2020 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 130.4579400 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 3,000 രൂപ ഉൾപ്പെടെ 61.9285500 കോടി രൂപ 2020 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

<u>ശിപാർശ</u>

2235-03-48-99—<u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3842.3997 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 60)

<u>സ്വീകരിച്ച നടപടി</u>

2235-03-48-99—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2020 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 3,831.8488000 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 15,03,00,000 രൂപ ഉൾപ്പെടെ 1830.2051000 കോടി രൂപ 2020 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 154/എഫ്.എം.2/2020/ത.സ്വ.ഭ.വ., തീയതി 4-11-2020)

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

ശിപാർശ

ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള അംഗങ്ങളുടെ അഭാവം കുടുംബശ്രീയിൽ ഇല്ലാതാക്കാനും കുടുംബശ്രീയുടെ ആധുനികവൽക്കരണത്തിന് ആക്കംകൂട്ടുന്നതിനും ഒരു കുടുംബത്തിൽനിന്നും പുതിയ തലമുറയിൽപ്പെട്ട ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള ഒരാളെയെങ്കിലും അംഗമാക്കുന്നത് ഉചിതമായിരിക്കുന്നമെന്ന് സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക നമ്പർ 12)

സ്വീകരിച്ച നടപടി

സ്വയം സഹായ മാതൃകകളിൽ (SHG) നിന്നും വ്യത്യസ്തമായി കുടുംബശ്രീ അംഗം തന്റെ കുടുംബത്തെയാണ് അയൽക്കൂട്ടത്തിൽ പ്രതിനിധീകരിക്കുന്നത്. വനിതകളായ കുടുംബാംഗങ്ങൾക്കും അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നതിനും വികസന പ്രവർത്തനങ്ങളിലും ചർച്ചകളിലും പങ്കാളിയാകുന്നതിനും കുടുംബശ്രീ ബൈലോ അനുഛേദം 7.12 പ്രകാരം അവകാശം നൽകുന്നുണ്ട്. ഇത് കൂടാതെ കുടുംബശ്രീ ബൈലോ അനുഛേദം 5 (ii) പ്രകാരം അംഗത്വത്തെ നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ഒരു വനിതാ കുടുംബാംഗം ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ നേടുന്ന അംഗത്വം. അതുകൊണ്ടുതന്നെ കുടുംബശ്രീ അംഗങ്ങളുടെ കുടുംബങ്ങളിലെ വനിതകളായ കുടുംബാംഗങ്ങൾക്ക് കുടുംബശ്രീ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. ഇതുകൂടാതെ കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, ശാക്തീകരണത്തിനായി നിരവധി പദ്ധതികൾ/പരിപാടികൾ കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഒരു കുടുംബത്തിൽനിന്നും രണ്ടാമതൊരു അംഗം എന്ന ആശയം പലതവണ കുടുംബശ്രീ ചർച്ചയ്ക്ക് വിധേയമാക്കിയിരുന്നു. ഇത്തരമൊരു തീരുമാനം ഉണ്ടാക്കാൻ ഇടയുള്ള പരിണിത ഫലത്തെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്. ഈ സാഹചര്യത്തിൽ സമിതി ശിപാർശ കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കും വിധേയമാക്കുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ തുടർതീരുമാനങ്ങൾ കൈക്കൊള്ളുന്നതുമായിരിക്കും.

ശിപാർശ

നബാർഡിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിലെ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ ഡിജിറ്റൈസ് ചെയ്തതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 13)

<u>സ്വീകരിച്ച നടപടി</u>

അയൽക്കൂട്ടങ്ങളെ ഡിജിറ്റൈസ് ചെയ്യുന്നതിനായി 'ഇ -ശക്തി' എന്ന പേരിൽ ഒരു പദ്ധതി നബാർഡ് പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലാണ് നടപ്പാക്കിയിരുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ അയൽക്കൂട്ട പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും ഈ പദ്ധതി ഗുണകരമാണ്. എന്നാൽ ഇതേസമയംതന്നെ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ അയൽക്കൂട്ടങ്ങളെ ഡിജിറ്റൈസ് ചെയ്യുന്നതിനായി ട്രാൻസാക്ഷൻ ബേസ്ഡ് ഡിജിറ്റൽ അക്കൗണ്ടിംഗ് സിസ്റ്റം എന്ന പേരിൽ ഇ -ശക്തിക്ക് സമാന്തരമായി മറ്റൊരു പദ്ധതി നടപ്പിലാക്കി. എൻ.ആർ.എൽ.എം.- ന്റെ നോഡൽ ഏജൻസി എന്ന നിലയിൽ ഈ പദ്ധതി കുടുംബശ്രീക്ക് നടപ്പിലാക്കേണ്ടതുണ്ട്. ഇത് പ്രകാരം കേരളത്തിലെ 93% അയൽക്കൂട്ടങ്ങളിലും ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന യൂണിറ്റുകളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ഒരു Labour Contracting Society രൂപീകരിക്കാനും കൂടാതെ അതത് പഞ്ചായത്ത്, നഗരസഭാ തലങ്ങളിലെ ഭവന പദ്ധതികളും സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്ന സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്ടിംഗ് കൺസ്ട്രക്ഷൻ ഗ്രൂപ്പായി മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

<u>സ്വീകരിച്ച നടപടി</u>

ആലപ്പുഴ ജില്ലയിൽ 413 അംഗങ്ങൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകുകയും ആയതുവഴി 50 നിർമ്മാണ യൂണിറ്റുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. പ്രസ്തുത 50 നിർമ്മാണ ഗ്രൂപ്പുകളെ ഉൾപ്പെടുത്തി 'നിർമ്മാണ ശ്രീ' എന്ന പേരിൽ ഒരു ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് പൂർത്തീകരിച്ച് നൽകാൻ ഇന്നിവർ പ്രാപ്തരാണ്. ഇതുപോലെ മറ്റ് ജില്ലകളിലും പരിശീലനം പൂർത്തീകരിച്ച് രൂപീകരിക്കുന്ന നിർമ്മാണ യൂണിറ്റുകളെ ഉൾപ്പെടുത്തി ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി രൂപീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരിശുഭൂമി കുടുംബശ്രീ സി.ഡി.എസ്.-കൾക്കോ അയൽക്കൂട്ടങ്ങൾക്കോ കൈമാറി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ

എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി കൃഷിചെയ്യുന്നതിനായി കുടുംബശ്രീ സി.ഡി.എസ്.-കൾക്കോ അയൽക്കൂട്ടങ്ങൾക്കോ കൈമാറി നൽകുന്നതിനാവശ്യമായ കൂടിയാലോചനകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതത് ഭൂമിയുടെ ഉടമസ്ഥരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുമായി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇവരുടെ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

<u>സ്വീകരിച്ച നടപടി</u>

3.5 ലക്ഷത്തിലധികം കുടുംബശ്രീ വനിതകൾ കാർഷികവൃത്തിയിലൂടെ വരുമാനം കണ്ടെത്തുന്നുണ്ട്. ഭൂരിഭാഗം വനിതകളും പാട്ടഭൂമിയിലാണ് കൃഷി ചെയ്തുവരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക തരിശുരഹിത ഗ്രാമം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി 5679.5 ഏക്കർ ഭൂമി കണ്ടെത്തി കൃഷി ചെയ്തുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് സർക്കാർ ഏജൻസികളുമായും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ പൂർണ്ണമായും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഓർഗാനിക് ഫാമിംഗ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.പദ്ധതിയുടെ ഭാഗമായി 8401 ജെ.എൽ.ജി. ഗ്രൂപ്പുകൾ 6904 ഏക്കർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു. ഈ സാമ്പത്തിക വർഷം കൂടുതൽ തരിശുഭൂമി കണ്ടെത്തുന്നതാണ്. ജൈവകൃഷിക്ക് കൂടുതൽ ഊന്നൽനൽകി 10000 ഏക്കർ തരിശുഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതാണ്. നിലവിൽ കൃഷി ചെയ്തുവരുന്ന എല്ലാ വനിതകൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി റിവോൾവിംഗ് ഫണ്ട്, സബ്സിഡികൾ, ഇൻസെന്റീവ് എന്നീ സാമ്പത്തിക സഹായങ്ങളും സാങ്കേതിക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

<u>ശിപാർശ</u>

സർക്കാർ സംവിധാനത്തെമാത്രം ആശ്രയിച്ച് ചെയ്യാൻ കഴിയുന്ന ഒന്നല്ല തെരുവ് നായ്ക്കളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ എന്ന് നിരീക്ഷിച്ച സമിതി, ഇതിനായി സർക്കാരിതര ഏജൻസികളുടെ സഹകരണവും സാങ്കേതിക സഹായവും നേടി കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. ആഗസ്റ്റ് , സെപ്റ്റംബർ, ഡിസംബർ, ജനുവരി മാസങ്ങളിലാണ് തെരുവ് നായ്ക്കളുടെ പ്രജനനകാലമെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഈ കാലയളവിൽ നായ്ക്കുട്ടികളെ ശേഖരിച്ച് വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ മിഷനെ പദ്ധതി ഏജൻസിയായി അംഗീകരിച്ച് പദ്ധതിക്കായി തുക കൈമാറുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസ്. (എം.ഇ.) യൂണിറ്റുകൾ സൗഹാർദ്ധപരമായി തെരുവുനായ്ക്കളെ പിടികൂടി അതത് വെറ്ററിനറി ആശുപത്രികളിൽ എത്തിച്ച് വെറ്ററിനറി ഡോക്ടർ പരിശോധിച്ച ശേഷം അനുയോജ്യമായ നായ്ക്കളെ മാത്രം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ശസ്ത്രക്രിയാനന്തരം അവയെ പരിപാലിക്കുകയും രോഗാവസ്ഥയിലുള്ളവയെ ചികിത്സിച്ച് ഭേദമാക്കി തിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ 59 എബിസി എം.ഇ. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 34977 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ തെരുവ് നായ്ക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക വകയിരുത്താത്തത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ ധനസ്ഥിതി അനുവദിക്കുമെങ്കിൽ, തെരുവ് നായ വന്ധ്യംകരണത്തിനായി നായ്ക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

<u>സ്വീകരിച്ച നടപടി</u>

2012-ലെ മൃഗസംരക്ഷണ വകുപ്പിന്റെ കണക്ക് അനുസരിച്ച് 295252 തെരുവ് നായ്ക്കളാണ് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ നായ്ക്കളുടെ എണ്ണം 3 ഇരട്ടി ആയിരിക്കുവാൻ സാധ്യത ഉണ്ടെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. സാമ്പത്തിക വർഷം എബിസി. പദ്ധതിക്കായി തുക വകയിരുത്തിയ പഞ്ചായത്തുകളുടെ ലിസ്റ്റ് എടുത്തതിനുശേഷം തുക വകയിരുത്തിയ പഞ്ചായത്തുകൾ കൂടുതൽ തുക വകയിരുത്താനും തുക വകയിരുത്താത്ത പഞ്ചായത്തുകൾ പദ്ധതിക്കായി തുക വകയിരുത്താനും ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും കത്ത് നൽകിയിട്ടുണ്ട്. അതിനോടൊപ്പം 2012-ലെ സെൻസസ് പ്രകാരം അവരുടെ അധികാരപരിധിയിലുള്ള പഞ്ചായത്തിലെ തെരുവുനായ്ക്കളുടെ എണ്ണത്തിന്റെ കണക്കുകൂടി ഉള്ളടക്കം ചെയ്തു നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതുകാരണം തെരുവുനായ ആക്രമണം നടന്ന സ്ഥലങ്ങളിൽ നടപടി എടുക്കുന്നതിന് സാധിക്കാതെ വരുന്നുണ്ട്. ടി അവസ്ഥ പരിഹരിക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ കുറച്ച് തുക പൂൾഡ് ഫണ്ട് ആയി നീക്കിവയ്ക്കുന്നതിനും എവിടെ എങ്കിലും തെരുവ് നായ ആക്രമണം ഉണ്ടായാൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ ഇടപെടുന്നതിനും അവർക്ക് ആവശ്യമായ തുക ടി പൂൾഡ്

ഫണ്ടിൽനിന്നും നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. ഏത് തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലാണോ ഇത്തരത്തിൽ കുടുംബശ്രീ യൂണിറ്റുകൾ ഇടപെടുന്നത് ടി സ്ഥാപനത്തിൽ നിന്നും ചെലവായ തുക തിരികെ പൂൾഡ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. അത്യാവശ്യ സാഹചര്യത്തിൽ പണം ഇല്ല എന്ന കാരണംകൊണ്ട് തെരുവ്നായ ആക്രമണം നടന്ന സ്ഥലത്ത് പ്രവർത്തിക്കാതിരിക്കുന്നതിന് പകരം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇതിലൂടെ സാധിക്കും.

## ശിപാർശ

തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ തെരുവ്നായ നിയന്ത്രണ പദ്ധതിക്ക് ഏകോപനവും പിന്തുണയും നൽകുന്നത് ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളാണ്. അയൽക്കൂട്ട വനിതകൾ ആത്മവിശ്വാസത്തോടെ മുന്നിട്ടിറങ്ങിയാൽ മികച്ച വരുമാനം നേടാൻ കഴിയുന്ന ഒരു മേഖലയാണിതെന്നതിനാൽ നിലവിലുള്ള സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തി പോരായ്മകളുണ്ടെങ്കിൽ പരിഹരിച്ച് കൂടുതൽ ബ്ലോക്കുകളിലേക്ക് പുതിയ യൂണിറ്റുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

## സ്വീകരിച്ച നടപടി

നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ എബിസി പദ്ധതി നടപ്പിലാക്കുന്നത്. 59 എബിസി എം.ഇ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 80 പുതിയ സർജറി യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. നാളിതുവരെ 34977 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം ജില്ലാ മിഷന്റെ നേതൃത്വത്തിൽ മൊബൈൽ എബിസി യൂണിറ്റ് 2018 മേയ് മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി മൊബൈൽ എ.ബി.സി. യൂണിറ്റ് 1648 നായ്ക്കളെ പിടികൂടി വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. എ.ബി.സി. പദ്ധതിയിലൂടെ കുടുംബശ്രീ വനിതകൾക്ക് മികച്ച വരുമാനമാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഇതുവരെ 34977 നായ്ക്കളെ വന്ധ്യംകരിച്ചതിലൂടെ 7.34 കോടി രൂപ വരുമാനം ലഭിച്ചു. കൂടുതൽ ഫണ്ട് പഞ്ചായത്തുകൾ ലഭ്യമാക്കുന്നതോടെ ഒരു സാമൂഹ്യപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുന്നതോടൊപ്പം കുടുംബശ്രീ വനിതകൾക്ക് സ്ഥിരമായ വരുമാനം കണ്ടെത്താനും സാധിക്കും.

## ശിപാർശ

അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലെയും ഗുണഭോക്തൃ വിവരശേഖരണം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി ഇതിന്റെ തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രോജക്ടുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 30)

സ്വീകരിച്ച നടപടി

കേരളത്തിലെ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പദ്ധതിയുടെ ഭാഗമാക്കുന്നതിനും ഒന്നും രണ്ടും ഘട്ടപദ്ധതികളിൽ ഉൾപ്പെട്ടവരിൽ തുടർസേവനം ആവശ്യമുള്ളവരെയും ചേർത്ത് ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി രൂപീകരിച്ചു. ആയതിന്റെ സർവ്വേയ്ക്കായി മൊബൈൽ ആപ്ലിക്കേഷൻ രൂപപ്പെടുത്തുകയും കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗുണഭോക്തൃ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തു. നാളിതുവരെ 957 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി കുടുംബശ്രീ സംസ്ഥാന മിഷനിൽ നൽകുകയും പ്രസ്തുത 957 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അഗതിരഹിത കേരളം പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി സമർപ്പിക്കുന്നതിന് ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

ശിപാർശ

ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള മഹത്തായ സേവനങ്ങളിൽ ഒന്നാണ് 2004-ൽ ആരംഭിച്ച ബഡ്സ് സ്കൂൾ. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനായി ആരംഭിച്ച സ്കൂൾ 2008-ൽ ബഡ്സ് സ്പെഷ്യൽ സ്കൂളായി വികസിപ്പിച്ചു. പ്രായപൂർത്തിയായ, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്വയാശ്രിത ജീവിത നൈപുണ്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായിട്ടാണ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ ശ്രമഫലമായി കേരളത്തിലെ 64 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകളും 87 ബി.ആർ.സി.-കളും ആരംഭിക്കുന്നതിന് കഴിഞ്ഞതായി സമിതി വിലയിരുത്തുന്നു. 49 ബഡ്സ് സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 22 ബഡ്സ് സ്കൂളുകളോട് ചേർന്ന് ജിവനോപാധി വികസനം ലക്ഷ്യമിട്ടുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 9.35 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങളും കുടുംബശ്രീ നടപ്പിലാക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക നമ്പർ 32)

സ്വീകരിച്ച നടപടി

ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള മഹത്തായ സേവനങ്ങളിൽ ഒന്നാണ് 2004-ൽ ആരംഭിച്ച ബഡ്സ് സ്കൂൾ. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനായി ആരംഭിച്ച സ്കൂൾ 2008-ൽ ബഡ്സ് സ്പെഷ്യൽ സ്കൂളായി വികസിപ്പിച്ചു. പ്രായപൂർത്തിയായ, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്വയാശ്രിത ജീവിത നൈപുണ്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായിട്ടാണ് ബഡ്സ്

റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ ശ്രമഫലമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകളും ബി.ആർ.സി.-കളും യഥാക്രമം 76, 106 ആയി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച പുതിയ 200 ബഡ്സ് സ്ഥാപനങ്ങളിൽ 71 ബഡ്സ് സ്ഥാപനങ്ങൾകൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. കുടുംബശ്രീ വാഹനങ്ങൾ വാങ്ങി നൽകിയ സ്കൂളുകളുടെ എണ്ണം 52 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി.യുമായി കൂടിച്ചേർന്നും കുടുംബശ്രീ നേരിട്ടും നടപ്പിലാക്കിവരുന്നു.

## ശിപാർശ

ആയതിനാൽ ഇങ്ങനെയുള്ള കുട്ടികളുടെ അമ്മമാർക്കുകൂടി ഉപജീവനമാർഗ്ഗം ഒരുക്കുന്നതിനുള്ള പദ്ധതികൾ കുടുംബശ്രീവഴി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

## സ്വീകരിച്ച നടപടി

ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് പലപ്പോഴും കുട്ടികളോടൊപ്പം ബഡ്സ് സ്ഥാപനങ്ങളിൽ തന്നെ ചെലവഴിക്കേണ്ടി വരുന്നതിനാൽ കുട്ടികളുടെ അമ്മമാർക്കുകൂടി ഉപജീവനമാർഗ്ഗം ഒരുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ പദ്ധതിയിൽ ഉൾപ്പെടുത്തി 50 സൂക്ഷ്മ സംരംഭങ്ങൾ കുട്ടികൾക്കും അമ്മമാർക്കുമായി ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ മറ്റുള്ള കുട്ടികളുമായി സഹകരിക്കുന്നതിന് മറ്റുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളിൽ പഠിപ്പിക്കുന്നതും മറ്റ് കുട്ടികളുമായി ഇടപഴകുന്നതിന് അവസരം നൽകുന്നതും ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ എൽ.പി/യു.പി. സ്കൂളുകളോടനുബന്ധിച്ച് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

## സ്വീകരിച്ച നടപടി

സമിതി ശിപാർശ ഗൗരവമായിതന്നെ കണക്കാക്കുന്നു. നിലവിൽ മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ബഡ്സ് സ്കൂൾ എൽ.പി./യു. പി. സ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

<u>ശിപാർശ</u>

ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകളുണ്ടെങ്കിൽ അത് സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക നമ്പർ 35)

<u>സ്വീകരിച്ച നടപടി</u>

ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യമാണ്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് മാറ്റിവയ്ക്കുന്ന തുക ബഡ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിച്ചാൽ ഒരു പരിധി വരെ ബഡ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കാം. സി.എസ്.ആർ. ഫണ്ട് കണ്ടെത്തി 2018-19 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ രണ്ട് സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങളും പീഡനവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും അതുപോലെ പീഡനത്തിന് ഇരയാകുന്ന ആളുകൾക്ക് നിയമസഹായം ഉൾപ്പെടയുള്ളവ നൽകുന്നതിനും പീഡനം നടത്തിയവർക്ക് മതിയായ ശിക്ഷ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കുടുംബശ്രീയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ ജെൻഡർ വികസന പദ്ധതികളുടെ ഭാഗമായി അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും സമൂഹത്തിൽ ജെൻഡർ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

ലിംഗപദവി സമത്വവും നീതിയും എന്ന പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ സഹായത്തോടെ എല്ലാ അയൽക്കൂട്ടങ്ങളെയും കേന്ദ്രീകരിച്ച് പഠന പ്രവർത്തനം നടന്നുവരുന്നു.

14 ജില്ലകളിലും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ 24 മണിക്കൂറും പ്രവർത്തിക്കുകയും ആവശ്യമായ സേവനം നൽകിവരുകയും ചെയ്യുന്നു. 350 കമ്മ്യൂണിറ്റി കൗൺസിലർമാർ 13 ജില്ലകളിലുമായി മാനസികാരോഗ്യ രംഗത്തും വിവിധ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രാഥമിക പിന്തുണ നൽകുന്നതിനുമായും പ്രവർത്തിക്കുന്നു.

17894 വാർഡുകളിലായി വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

14 ജില്ലകളിലും രംഗശ്രീ തീയേറ്റർ ഗ്രൂപ്പുകൾ രൂപീകരിച്ച് ലൈംഗിക അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കലാരൂപങ്ങളിലൂടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

<u>ശിപാർശ</u>

തീരദേശ മേഖലയുടെ വികസനത്തിനായി 'സാഗർമാല' എന്ന പേരിലുള്ള നൈപുണ്യ പരിശീലനം നൽകുന്നത് ഇപ്പോൾ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ മാത്രമാണ്. പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലെ തീരദേശ മേഖലകളിൽക്കൂടി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

<u>സ്വീകരിച്ച നടപടി</u>

തീരദേശ മേഖലകളിലുള്ള യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്നുള്ളതാണ് 'സാഗർമാല' എന്ന കേന്ദ്രാവിഷ്കൃത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവും കേന്ദ്ര ഗ്രാമവികസന വകുപ്പും ചേർന്നാണ് നടപ്പാക്കുന്നത്. കേരളത്തിൽ കോഴിക്കോട്, എറണാകുളം ജില്ലകളെയാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തിട്ടുള്ളത്. തുടർന്ന് കേരളത്തിലെ മറ്റ് തീരദേശ ജില്ലകളിലേയ്ക്ക് ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്. ആദ്യഘട്ടത്തിൽ 341 പേരുടെ പരിശീലനം ആരംഭിക്കാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. പദ്ധതിയുടെ മുഴുവൻ ഫണ്ടും നൽകുന്നത് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയമാണ്.

<u>ശിപാർശ</u>

എൻ.ആർ.എൽ.എം. പ്രത്യേക പദ്ധതിയുടെ ഭാഗമായി മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തണമെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണെങ്കിൽ സംസ്ഥാനത്തെ മറ്റ് ജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

<u>സ്വീകരിച്ച നടപടി</u>

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഓരോ ബ്ലോക്കുകളാണ് പൈലറ്റ് പ്രവർത്തനത്തിനായി തെരഞ്ഞെടുത്തത്. 22 സി.ഡി.എസ്.-കളിൽ നടന്ന ഈ പ്രവർത്തനം ഒരു പരിധി വരെ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുന്നതിനും മനുഷ്യക്കടത്തിന് വിധേയരായവരും സാധ്യതയുള്ളവരുമായി കണ്ടെത്തിവയരെ അയൽക്കൂട്ട അംഗങ്ങൾ ആക്കുന്നതിനും അവർക്കാവശ്യമായ സഹായവും ഉപജീവനമാർഗ്ഗവും കണ്ടെത്തുന്നതിനുള്ള പിന്തുണ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷം മലപ്പുറം ജില്ലയിലെ ഒരു പഞ്ചായത്തും, വയനാട്, പാലക്കാട് ജില്ലകളിലെ 2 ബ്ലോക്കുകൾ വീതവും (മറ്റ് സ്ഥാപനങ്ങളുമായി ബോർഡർ പങ്കിടുന്ന ബ്ലോക്കുകൾ) പദ്ധതി പ്രവർത്തനത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

കുടുംബശ്രീ എൻ.ആർ.ഒ.യെ ഇന്ത്യക്ക് അകത്തും വിദേശത്തും ആവശ്യമായ കൺസൾട്ടൻസി സർവീസ് നൽകുന്ന വിധത്തിൽ ശക്തിപ്പെടുത്തുന്നതിനും ഒരു ഔദ്യോഗിക റിസോഴ്സ് ഓർഗനൈസേഷനാക്കി മാറ്റുന്നതിനും ആവശ്യമായ നയപരമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 47)

<u>സ്വീകരിച്ച നടപടി</u>

ആവശ്യമായ നയപരമായ തീരുമാനങ്ങൾ കുടുംബശ്രീ നടപ്പിലാക്കിവരുന്നു.

<u>ശിപാർശ</u>

അനൗപചാരിക വിദ്യാഭ്യാസ പരിപാടി തുടർവർഷങ്ങളിലും സംഘടിപ്പിക്കണമെന്ന് ആവശ്യം ഉയരുന്ന സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ സ്കൂളിന്റെ രണ്ടാംഘട്ടപ്രവർത്തനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ ലക്ഷ്യം പൂർണ്ണതയിലെത്തുന്നതുവരെ തുടർവർഷങ്ങളിലും പരിപാടി തുടരണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സംഘടനാ സംവിധാനം, പദ്ധതികൾ, കുട്ടികളുടെയും സ്ത്രീകളുടെയും അവകാശം, അഴിമതിമുക്ത കേരളത്തിൽ കുടുംബശ്രീയുടെ പങ്ക്, ആരോഗ്യ-കാർഷിക സംരക്ഷണ മേഖലയിൽ കുടുംബശ്രീയുടെ ഇടപെടൽ, മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ സ്കൂൾ രണ്ടാംഘട്ടം 2018-19 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത രണ്ടാംഘട്ടത്തിൽ കുടുംബശ്രീ അയൽക്കൂട്ടം, കുടുംബശ്രീ പദ്ധതികൾ, കണക്കെഴുത്ത് അയൽക്കൂട്ടത്തിൽ, ധനമാനേജ്മെന്റ് കുടുംബത്തിലും അയൽക്കൂട്ടത്തിലും ഉപജീവന വികസനം സൂക്ഷ്മസംരംഭങ്ങളിലൂടെ, ദുരന്ത നിവാരണ പ്രവർത്തനം അയൽക്കൂട്ടത്തിൽ എന്നീ 6 വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സ്കൂൾ മൂന്നാംഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. സമിതി നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ചിലത് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ സമിതി നിർദ്ദേശിച്ചിട്ടുള്ള മറ്റ് വിഷയങ്ങൾകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

വയോജന അയൽക്കൂട്ടങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 1073 സി.ഡി.എസ്.-കളിലും വയോജന വില്ലേജ് കോ-ഓർഡിനേറ്റർമാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

<u>സ്വീകരിച്ച നടപടി</u>

വയോജന വില്ലേജ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനായി പദ്ധതി സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭ്യമായില്ല. ഫണ്ടിന്റെ പരിമിതി നിമിത്തം പ്രസ്തുത വയോജന വില്ലേജ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് തത്ക്കാലം കഴിയില്ല. ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യം നടപ്പിലാക്കുന്നതാണ്.

<u>ശിപാർശ</u>

തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 2017-18-ൽ രൂപീകരിച്ച കോസ്റ്റൽ കമ്മ്യൂണിറ്റി വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ തുടർവർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോസ്റ്റൽ വോളണ്ടിയർമാർക്ക് നൽകിവരുന്ന ഓണറേറിയം കാലോചിതമായി വർദ്ധിപ്പിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 54)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഓണറേറിയം നിരക്കിൽ നിയമിച്ച കോസ്റ്റൽ കമ്മ്യൂണിറ്റി വോളണ്ടിയർമാരുടെ സേവനം 2018-19 വർഷവും ഉപയോഗപ്പെടുത്തിയിരുന്നു. 2019-20 സാമ്പത്തിക വർഷവും ഇവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരണമായി ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് സർക്കാർതലത്തിൽ പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 56)

<u>സ്വീകരിച്ച നടപടി</u>

ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനായി സി. ഡി.എസ്. തലത്തിൽ കമ്മ്യൂണിറ്റി ബേസ്ഡ് റീപേമെന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും എല്ലാ മാസവും സി. ഡി. എസ്.-ഉം ബാങ്കുകളും യോഗം ചേർന്നുവരികയുമാണ്. പ്രസ്തുത യോഗത്തിൽ അയൽക്കൂട്ട വായ്പ, വായ്പ തിരിച്ചടവ് എന്നീ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ജില്ലാ തലത്തിൽ ബാങ്ക് ഉദ്യോഗസ്ഥർക്ക് കുടുംബശ്രീ പദ്ധതികളെ സംബന്ധിച്ച അവബോധ ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്.

<u>ശിപാർശ</u>

ബാങ്കുകളിൽനിന്നും ലിങ്കേജ് വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടങ്ങൾ ബാങ്കുകളുമായി മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടി വരുന്നതായും ആയതിലേക്കായി ഒരു അയൽക്കൂട്ടത്തിന് 500 രൂപ മുതൽ 800 രൂപ വരെ മുദ്രപ്പത്രത്തിനായി (സ്റ്റാമ്പ് ഡ്യൂട്ടി) ചെലവ് വരുന്നതായും സമിതി നിരീക്ഷിക്കുന്നു. അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പക്ക് (ഒരു അംഗത്തിന് പരമാവധി 25,000 രൂപ വരെയുള്ള വായ്പ തുക) ആർ.ബി.ഐ. സർവ്വീസ് ചാർജ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജ് വായ്പയുടെ കരാറിന് ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 57)

<u>സ്വീകരിച്ച നടപടി</u>

പ്രളയബാധിതർക്കായി രൂപീകരിക്കപ്പെട്ട ആർ. കെ. എൽ. എസ്. എന്ന ബാങ്ക് വായ്പ പദ്ധതിക്കായി സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നതിനുള്ള അപേക്ഷ നികുതി വകുപ്പ് നിരസിച്ചിട്ടുള്ളതാണ്.

<u>ശിപാർശ</u>

പഞ്ചായത്ത്/നഗരസഭാ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ളതും പൂട്ടിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ എന്നിവ കുടുംബശ്രീ/സി.ഡി.എസ്.-നെ ഏൽപ്പിക്കുന്നതിനും

കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള സ്ഥിരം സംവിധാനമെന്നനിലയിൽ കുടുംബശ്രീ ബസാർ, വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 64)

<u>സ്വീകരിച്ച നടപടി</u>

പഞ്ചായത്ത്/നഗരസഭാ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ള കെട്ടിടങ്ങൾ കുടുംശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള സംവിധാനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാമിഷനുകൾക്ക് നൽകിയിരുന്നു. തുടർന്ന് പല ഗ്രാമ/ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽനിന്നും കുടുംബശ്രീയ്ക്കായി സ്ഥലം ലഭിക്കുകയും അവിടെ മാസചന്തകൾ, നാനോ മാർക്കറ്റ്, മാർക്കറ്റിംഗ് കിയോസ്ക്, കുടുംബശ്രീ ബസാർ തുടങ്ങിയവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം 544 നാനോ മാർക്കറ്റുകൾ, 28 കിയോസ്കുകൾ, 2 ബസാർ എന്നിവ ആരംഭിക്കുകയും അവ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

<u>ശിപാർശ</u>

മാറിവരുന്ന മാർക്കറ്റിംഗ് സംസ്കാരം കണക്കിലെടുത്ത് കുടുംബശ്രീ നടപ്പിലാക്കിവരുന്ന ഓൺലൈൻ വ്യാപാര സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നല്കണമെന്നും സ്വകാര്യമേഖല കയ്യടക്കിവച്ചിരിക്കുന്ന പ്രസ്തുത രംഗത്ത് കുടുംബശ്രീയുടെ ആധിപത്യം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 66)

<u>സ്വീകരിച്ച നടപടി</u>

മാറിവരുന്ന മാർക്കറ്റിംഗ്/വിപണന രീതികൾ കണക്കിലെടുത്ത് കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണി വഴിയും വിപണനത്തിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടുംബശ്രീ നടത്തുന്ന ഓൺലൈൻ പോർട്ടലായ കുടുംബശ്രീ ബസാർ.കോം-ന് പുറമെ ആമസോൺ, ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേയ്സ് മുതലായവയും കുടുംബശ്രീ ഉൽപ്പന്ന വിപണനം സാധ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ ഓൺലൈൻ വിപണിയിൽ 189 സംരംഭകരുടെ 590 ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ 70 കുടുംബശ്രീ ഉല്പന്നങ്ങൾ ആമസോൺ, ഗവൺമെന്റ് ഇ-മാർക്കറ്റ് തുടങ്ങിയ പോർട്ടലുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

സ്ത്രീ ശാക്തീകരണ മേഖലയിലെ പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ലക്ഷ്യം വച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലായി 70 ജെൻഡർ റിസ്സോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു. ജെൻഡർ റിസോഴ്സ് സെന്ററുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 69)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 14 ജില്ലകളിലുമായി നാളിതുവരെ 367 ജെൻഡർ റിസ്സോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. 2019-20 സാമ്പത്തിക വർഷം കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതിനായി ആസൂത്രണം ചെയ്തുവരുന്നു.

<u>ശിപാർശ</u>

അതിക്രമങ്ങൾ നേരിടേണ്ടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്ന അഭയകേന്ദ്രമായ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് അവബോധ പ്രവർത്തനങ്ങളും നടത്തണമെന്നും അടുത്തകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഉതകുന്നതരത്തിൽ സ്നേഹിത ജെൻഡർ ഹെൽപ്പ്ഡെസ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക നമ്പർ 71)

<u>സ്വീകരിച്ച നടപടി</u>

സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. സ്നേഹിതയുടെ നേതൃത്വത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് സ്നേഹിത സ്കൂൾ, പോലീസ് സ്റ്റേഷനുകളിൽ സ്നേഹിത സെന്റർ എന്നിവയും ആരംഭിച്ചിട്ടുണ്ട്. വിവിധ ക്യാമ്പെയിനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കോളനികൾ, ഊരുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഇവയും സ്നേഹിതയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

<u>ശിപാർശ</u>

സംസ്ഥാനങ്ങളിൽ ശുചീകരണ പ്രവൃത്തികൾ കരാടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള റോഡുകളുടെ ശുചീകരണം കുടുംബശ്രീയെ ഏൽപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 74)

സ്വീകരിച്ച നടപടി

കേരളത്തിലുടനീളം മാലിന്യ നിർമ്മാജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി സ്വയം പര്യാപ്ത സംരംഭ മാതൃക തയ്യാറാക്കി വരുന്നു. പദ്ധതി പ്രകാരം ഇതിനകം 27000-ലധികം കുടുംബശ്രീ വനിതകൾ ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനങ്ങളിലും പരിശീലനം നേടിയിട്ടുണ്ട്. 200-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനം ഇതിനകം ശക്തിപ്പെട്ടു. സ്ഥലസൗകര്യം, വാഹന സൗകര്യം, പ്രാരംഭചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര സംസ്ഥാന പദ്ധതികൾ വഴിയും കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇവരിലൂടെ നടപ്പിലാക്കുന്നതാണ്.

ശിപാർശ

ബഹു. നിയമസഭാംഗങ്ങൾ അവരുടെ നിയോജകമണ്ഡലത്തിൽ ഷീ ലോഡ്ജുകളും ഷീ ഹോമുകളും ആരംഭിക്കുന്നതിനുള്ള താല്പര്യമെടുത്ത് ഈ പദ്ധതിക്ക് പിന്തുണ നല്കണമെന്നും ഇതിനായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ആവശ്യമായ ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക നമ്പർ 75)

സ്വീകരിച്ച നടപടി

സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്യതും 2017-18 വർഷങ്ങളിൽ വിവിധ നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നതുമായ ഷീ ലോഡ്ജ് പദ്ധതി നിലവിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, തൃപ്പൂണിത്തുറ നഗരസഭകളിലാണുള്ളത്. സംസ്ഥാനത്ത് നിലവിൽ 4 ഷീലോഡ്ജുകളാണ് ഇത്തരത്തിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കാനും സൗകര്യമൊരുക്കി പ്രവർത്തിക്കുന്നത്. ടി കെട്ടിടങ്ങളുടെ നിർമ്മാണം നിലവിൽ കോഴിക്കോട്, വടകര, പെരിന്തൽമണ്ണ, കുന്നംകുളം മുതലായ നഗരസഭകളിൽ പുരോഗമിച്ചു വരുകയാണ്. ബഹു, നിയമസഭാ സാമാജികരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ആവശ്യമായ തുക ലഭ്യമാക്കിയാൽ നിർമ്മാണത്തിലിരിക്കുന്ന ടി കെട്ടിടങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനും മറ്റെല്ലാ നഗരങ്ങളിലും ടി പദ്ധതി വ്യാപിപ്പിക്കാനും കഴിയുന്നതാണ്.

ശിപാർശ

കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കുന്നതിന് ജെൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ ഇല്ലാത്ത ജില്ലാ താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 78)

<u>സ്വീകരിച്ച നടപടി</u>

ജെൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ ലഭിക്കുന്നമുറയ്ക്ക് ജെൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

കുടുംബശ്രീയുടെ നേതൃത്വത്തിൽ കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണവും വിപണനവും എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 79)

<u>സ്വീകരിച്ച നടപടി</u>

കൈത്തറി മേഖലയിൽ കൂടുതൽ പരിശീലനങ്ങൾ നേടാൻ സ്ത്രീകൾ തയ്യാറാണ്. ആയതിനാൽ യുവ വീവ് പദ്ധതിയിൽ കൂടുതൽ തുക നീക്കിവയ്ക്കുകയാണെങ്കിൽ കൂടുതൽ വനിതകൾക്ക് പ്രയോജനപ്പെടുത്താൻ കൈത്തറി വകുപ്പുമായി സംയോജിച്ച് പ്രവർത്തിക്കുന്നതാണ്. കൈത്തറി വകുപ്പ് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്ന യൂണിഫോം തുണികൾ കുടുംബശ്രീ മുഖേന തയ്ച്ച് നൽകാനും സാധിക്കുന്നതാണ്. ഇത്തരത്തിൽ കൂടുതൽ വനിതകളെ ഈ മേഖലയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

<u>ശിപാർശ</u>

ജീവിതത്തിന്റെ സമസ്തമേഖലകളിലും നിറഞ്ഞുനില്ക്കുന്ന കുടുംബശ്രീ, ദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുന:പരിശോധിക്കണമെന്നും ദാരിദ്ര്യത്തിൽനിന്നും പുറത്തെത്തുന്നവരെ സ്ഥിരതയുള്ള ഒരു തൊഴിൽ മേഖലയിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ കുടുംബശ്രീയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 80)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീയുടെ നേതൃത്വത്തിൽ 50000 പേർക്ക് 10 മേഖലകളിലായി സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി എറൈസ് സ്വയംതൊഴിൽ പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ വനിതകൾക്കൊപ്പം കുടുംബശ്രീ കുടുംബാംഗങ്ങളായ പുരുഷന്മാർക്കും ഈ പദ്ധതിയിൽ പരിശീലനം നേടി വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കും. 6120 ആളുകൾ 420 ബാച്ചുകളിലായി വിവിധ മേഖലകളിൽ പരിശീലനം പൂർത്തീകരിക്കുകയും 644 പേർ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുടുംബശ്രീ കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾക്ക് സ്വയംതൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി ഉപജീവന ക്യാമ്പെയിൽ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വയം തൊഴിൽ നേടാൻ താൽപ്പര്യമുള്ള മുഴുവൻ ആളുകളേയും സർവ്വേ നടത്തി കണ്ടെത്തുകയും താത്പര്യമുള്ള മേഖലകളിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകി സ്വയം തൊഴിൽ നേടാൻ അവസരം നൽകുകയും ചെയ്യും.

ശിപാർശ

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെയും താഴെയുള്ളവരെയും ഉൾപ്പെടുത്തിയുള്ള സംയുക്ത സംരംഭക പദ്ധതികളെപ്പറ്റി ആലോചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 81)

സ്വീകരിച്ച നടപടി

വിവിധ വകുപ്പുകളുമായി കുടുംബശ്രീ സംയോജനപദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉദാ. എസ്. സി. ഡിപ്പാർട്ട്മെന്റ്, ലോട്ടറി, മോട്ടോർ വെഹിക്കിൾ, എം. ജി. എൻ. ആർ. ഇ. ജി. എ തുടങ്ങിയവ.

ശിപാർശ

ഹോംനഴ്സുമാർ നേരിടുന്ന ചൂഷണം തടയാനും അവർക്ക് മാന്യമായ ശമ്പളം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത ശമ്പളം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കുടുംബശ്രീയുടെ ഇടപെടൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 82)

ശിപാർശ

ഹോം നഴ്സുമാരുടെ റിക്രൂട്ടിംഗ് മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വലിയ ചൂഷണം അവസാനിപ്പിക്കുന്നതിന് ഹോം നഴ്സ് റിക്രൂട്ടിംഗ് ഏജൻസിയായി കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 83)

സ്വീകരിച്ച നടപടി (ഖണ്ഡിക 82, 83)

ഹോം നഴ്സിംഗ് മേഖലയിലെ ചൂഷണം അവസാനിപ്പിക്കാനായി കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിതാണ് ഹർഷം വയോജന പരിപാലന പദ്ധതി. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച കുടുംബശ്രീ വനിതകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

കുടുംബശ്രീ സംവിധാനങ്ങളിലൂടെ മെച്ചപ്പെട്ട ഗാർഹിക- ഗാർഹികേതര പരിപാലനം നൽകാൻ 300-ലധികം അംഗങ്ങൾ ഇതിനകം പരിശീലനം നേടി സജ്ജരായിട്ടുണ്ട്. പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി വെബ്സൈറ്റും കോൾ സെന്ററും ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ നമ്പർ 9188112218. website : www. harsham.kudumbashree.org.

ശിപാർശ

കുടുംബജീവിതത്തിന്റെ ഭദ്രത നിലനിർത്തുന്നതിനായി പ്രീ-മാരിറ്റൽ കൗൺസിലിംഗ് സെന്ററുകളും വിദ്യാഭ്യാസ മേഖലയിൽ ചുവടുറപ്പിക്കുന്നതിനായി പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 84)

സ്വീകരിച്ച നടപടി

കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കമ്മ്യൂണിറ്റി കൗൺസിലിംഗ്. പ്രത്യേക പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തനങ്ങളിൽ മുൻകാലപരിചയമുള്ളവരും പ്രൊഫഷണൽ കൗൺസിലിംഗ് യോഗ്യതയുള്ളവരും ഉൾപ്പെടുന്ന 357 പേരടങ്ങുന്ന ഒരു ടീം 14 ജില്ലകളിലുമായി പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ റിസ്സോഴ്സ് സെന്ററുകൾ ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ എന്നിവ വഴി കൗമാരക്കാരായ കുട്ടികൾക്കുള്ള വിവിധ കൗൺസിലിംഗ് സെഷനുകൾ, വയോജനങ്ങൾ, ദമ്പതികൾ എന്നിവർക്കുള്ള കൗൺസിലിംഗും ആവശ്യാനുസരണം നൽകുന്നു.

ഈ സെന്ററുകളുടെ ആഭിമുഖ്യത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കായി പ്രീ-മാരിറ്റൽ കൗൺസിലിംഗും തുടർസേവനങ്ങളും നൽകുന്നുണ്ട്.

ശിപാർശ

കുടുംബശ്രീകൾക്ക് ആധുനിക രീതിയിലുള്ള മൊബൈൽ ക്രിമറ്റോറിയങ്ങൾ തുടങ്ങാനുള്ള സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 85)

സ്വീകരിച്ച നടപടി

കുടുംബശ്രീയുടെ നേതൃത്വത്തിൽ മൊബൈൽ ക്രിമറ്റോറിയം ഇടുക്കി ജില്ലയിലും മൊബൈൽ ഫ്രീസർ എറണാകുളം ജില്ലയിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇത്തരം നൂതന പ്രോജക്ടുകൾ ആരംഭിക്കാൻ കുടുംബശ്രീ പ്രോത്സാഹനം നൽകിവരുന്നുണ്ട്.

<u>ശിപാർശ</u>

ഒന്നിലധികം സ്വയം സഹായ സംഘങ്ങളിൽ അംഗമാകുന്നതുകൊണ്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 87)

<u>സ്വീകരിച്ച നടപടി</u>

ഒന്നിലധികം സ്വയംസഹായ സംഘങ്ങളിൽ അംഗമാകുന്നതുകൊണ്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ്മാളുകളും വിപണിയുടെ കേന്ദ്രബിന്ദുവാകുമ്പോൾ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അത്തരം ബ്രാൻഡുകൾ രൂപപ്പെടുത്തുന്നതിനും കുടുംബശ്രീ ഉല്പന്നങ്ങൾ സൂപ്പർമാർക്കറ്റുകളിലൂടെയും ഷോപ്പിംഗ് മാളുകളിൽകൂടിയും വിപണനം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഇതിനായി ഒരേ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വലിയ കൂട്ടായ്മകൾ രൂപപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 90)

<u>സ്വീകരിച്ച നടപടി</u>

കുടുംബശ്രീ ഉൽപ്പന്നങ്ങൾ സൂപ്പർമാർക്കറ്റുകളിലും കൂടിയും പൊതുജനം ധാരാളമായി സന്ദർശിക്കുന്ന പൊതു ഓഫീസ് പരിസരങ്ങളിലും വിപണനം നടത്തുന്നതിനായി അവലംബിക്കുന്ന വിപണന പദ്ധതിയാണ് നാനോ മാർക്കറ്റുകൾ. സൂപ്പർമാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കായി ഷെൽഫുകൾ/റാക്കുകൾ/ അലമാരകൾ സ്ഥാപിച്ച് വിപണനം നടത്തുക എന്നതാണ് നാനോ മാർക്കറ്റുകൾകൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളം ഇത്തരത്തിൽ 544 നാനോ മാർക്കറ്റുകൾ 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. 2 കോടിയിലധികം രൂപയുടെ വിപണനവും നടന്നിട്ടുണ്ട്. ഹോർട്ടികോർപ്പ്, സപ്ലൈകോ, അഗ്രോ ഹൈപ്പർ ബസാർ ഔട്ട്ലെറ്റുകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് റാക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം ഊർജിതപ്പെടുത്തുന്നതിനും കുടുംബശ്രീ സ്ഥിര വിപണന കേന്ദ്രങ്ങളായ ബസാറുകൾ നടത്തികൊണ്ടുപോകുന്നതിനുമായി ഒരേ ജില്ലയിൽ

പ്രവർത്തിക്കുന്ന കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കൂട്ടായ്മകൾ (കൺസോർഷ്യങ്ങൾ) ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ആയത് കണ്ണൂർ ഒഴികെ എല്ലാ ജില്ലകളിലും സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് വിപണന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശിപാർശ

ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മിതിയും സാധ്യമാകുന്ന തരത്തിൽ ഗവേഷണ വികസന കേന്ദ്രങ്ങൾ സൂക്ഷ്മ സംരംഭങ്ങളുടെ കൺസോർഷ്യങ്ങൾക്ക് രൂപം കൊടുത്ത് പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 91)

സ്വീകരിച്ച നടപടി

ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും ബ്രാൻഡിംഗും ഒരേ മെഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ മൂല്യ ശൃഖല വികസനവും മുന്നിൽക്കണ്ട് സംരംഭങ്ങളുടെ കൺസോർഷ്യങ്ങൾ ആരംഭിക്കുന്നുണ്ട്. ആദ്യപടിയായി കണ്ണൂർ ജില്ലയിലെ 47 കറിപൗഡർ യൂണിറ്റുകളുടെ കൺസോർഷ്യം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സമാന മാതൃക മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിക്കുന്നതാണ്. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവിൽ ഉൽപ്പന്നങ്ങളുടെ നിർമ്മിതിയും സാധ്യമാകുന്ന രീതിയിൽ കോമൺ ഫെസിലിറ്റി സെന്റർ 3 ജില്ലകളിലും (അപ്പാരൽ മേഖലയിലും ക്ഷീരോൽപ്പാദന മേഖലയിലും) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

നോക്കാനും പരിപാലിക്കാനും ആളില്ലാതെ പലയിടത്തും നരകതുല്യമായ ജീവിതം നയിക്കുന്ന അനേകം ആളുകൾ സംസ്ഥാനത്തുണ്ട്. ഇത്തരത്തിലുള്ള നിരാശ്രയരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും സംരക്ഷണം ഏറ്റെടുക്കാനും അവരെ താമസിപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 92)

സ്വീകരിച്ച നടപടി

നോക്കാനും പരിപാലിക്കാനും ആളില്ലാതെ പലയിടത്തും നരകതുല്യമായ ജീവിതം നയിക്കുന്ന അനേകം ആളുകൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ കുടുംബശ്രീ സ്നേഹിത കോളിംഗ് ബെൽ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

ശിപാർശ

തീരുമാനങ്ങളും നിർദ്ദേശങ്ങളും കുടുംബശ്രീ യൂണിറ്റുകൾക്കും അയൽക്കൂട്ടങ്ങൾക്കും യഥാസമയം കൈമാറണമെന്നും നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും നടത്തുന്നതിനാവശ്യമായ സമയം ലഭിക്കുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 93)

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തെ പദ്ധതികൾ പ്ലാൻ ചെയ്ത സമയത്ത് ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ എല്ലാ കുടുംബശ്രീ സി.ഡി.എസ്., ചെയർപേഴ്സൺമാർക്കും 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്നതിനായി പ്രത്യേക ബ്ലോക്കുതല ശില്പശാലകൾ സംഘടിപ്പിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കായി വാട്സ്ആപ് ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് പദ്ധതികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ഏറ്റവും പുതിയ തീരുമാനങ്ങൾ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുടുംബശ്രീ ആശ്രയ പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തണം എന്ന നിബന്ധനയുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വർഷത്തെയും വാർഷിക പദ്ധതിയിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്കായി പദ്ധതികൾ ഉൾപ്പെടുത്തി തുക വകയിരുത്തുന്നത് പരിഗണിക്കേണ്ടതാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഉചിതമായ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷനുകൾ ത്രിതല സംഘടനാ സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തേണ്ടതും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 94)

സ്വീകരിച്ച നടപടി

തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്ലാനിൽ കുടുംബശ്രീ അംഗങ്ങൾക്കായി കൂടുതൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതത്

ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ തദ്ദേശഭരണ മേധാവികളുടെ പ്രത്യേക ശില്പശാലകൾ സംഘടിപ്പിക്കുകയും മാതൃകാ പദ്ധതികൾ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ ഫലമായി കൂടുതൽ പ്രോജക്ടുകളും ഫണ്ടുകളും അവരുടെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമന്വയം എന്ന പേരിൽ ജനപ്രതിനിധികളെയും കുടുംബശ്രീ സി.ഡി.എസ്. ഭാരവാഹികളെയും ഉൾപ്പെടുത്തിക്കൊണ്ട് പരിശീലനം നടത്തുന്നതിനും 2019-20 സാമ്പത്തിക വർഷത്തിൽ തീരുമാനിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സി.ഡി.എസ്. ആക്ഷൻ പ്ലാനുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 95)

<u>സ്വീകരിച്ച നടപടി</u>

ജനപ്രതിനിധികളെല്ലാം കുടുംബശ്രീ സി.ഡി.എസ്. ഭാരവാഹികളെയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന പരിശീലനത്തിൽ (സമന്വയം) ഇക്കാര്യം തദ്ദേശസ്വയംഭരണ മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

പഞ്ചായത്ത്/നഗരസഭകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസി ആയി കുടുംബശ്രീ സി.ഡി.എസ്.-നെ ഉപയോഗപ്പെടുത്തുക എന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് ആവശ്യമായ കൂടുതൽ ഇടപെടൽ സർക്കാർതലത്തിൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക നമ്പർ 96)

<u>സ്വീകരിച്ച നടപടി</u>

ജനപ്രതിനിധികളെയും കുടുംബശ്രീ സി.ഡി.എസ്. ഭാരവാഹികളെയും ഉൾപ്പെടുത്തി കൊണ്ട് നടത്തുന്ന പരിശീലനത്തിൽ (സമന്വയം) ഇക്കാര്യം തദ്ദേശസ്വയംഭരണ മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രസ്തുത നടപടിപത്രികകൾ ഐ.എ 1/348/2018/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കുകയും 10-2-2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**(2) 'സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

<u>ശിപാർശ</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിനായി പുറംകരാർ നൽകുമ്പോൾ ആ മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കുന്ന സ്ഥലം മുതലായ കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നും കരാറിൽ അക്കാര്യം രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

എല്ലാ ഗ്രാമപഞ്ചായത്തുകളും മാലിന്യസംസ്കരണത്തിനായി പുറംകരാർ നൽകിയിട്ടില്ല. സ്വന്തമായി മാലിന്യസംസ്കരണ സംവിധാനം നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിനായി പുറംകരാർ നൽകുന്ന സാഹചര്യങ്ങളിൽ മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കുന്ന സ്ഥലം മുതലായ കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണെന്നും കരാറിൽ ഇക്കാര്യം രേഖപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്തതും പുറംകരാർ നൽകിയിട്ടുള്ളതുമായ നഗരസഭകൾ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 199/ഡി.സി1/2019/തസ്വഭവ., തീയതി 23-3-2020)

<u>ശിപാർശ</u>

മാലിന്യം നീക്കംചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രമെ ടെണ്ടർ നൽകാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

മാലിന്യം നീക്കംചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെടുത്തേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭകൾ മാലിന്യം നീക്കംചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുമ്പോൾ മാലിന്യം നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രമെ ടെണ്ടർ നൽകുകയുള്ളുവെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

കോഴിക്കടകൾ ഉൾപ്പെടെയുള്ള ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ, പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ, ഹോട്ടലുകൾ, ബേക്കറികൾ, കല്യാണമണ്ഡപങ്ങൾ, ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ, ഭക്ഷണം വിളമ്പുന്ന ക്ലബ്ബുകൾ, കാറ്ററിംഗ് യൂണിറ്റുകൾ മുതലായവയ്ക്ക് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സ്വന്തമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നിർബ്ബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത്തരം പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വന്തമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവത്തിലുള്ള സംവിധാനം ഏർപ്പെടുത്താൻ ആവശ്യമെങ്കിൽ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ പുതിയ വ്യവസ്ഥ കൊണ്ടുവരുന്നതിനോ അല്ലെങ്കിൽ നിലവിലുള്ള നിയമ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിനോ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ/വിവാഹഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തീയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ പച്ചക്കറി, പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

(i) മേൽപ്പറഞ്ഞ ഇടങ്ങളിൽ രൂപപ്പെടുന്ന അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഒടുക്കി, സംസ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

(ii) മേൽനിർദ്ദേശിച്ച പ്രകാരം ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ചുള്ള നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണ്.

(iii) പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ഉള്ള ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമെ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ.

(iv) നിലവിലുള്ളതും പുതുതായി ഡി & ഒ ലൈസൻസ് നൽകുന്നതുമായ ഖണ്ഡിക (i)-ൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി റിസൾട്ട് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(v) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(vi) നഗരസഭകൾക്കുകീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ നിന്നും വഴിയോരക്കടകളിൽനിന്നും ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പൊതുനിരത്തുകളിലും മറ്റും വലിച്ചെറിയുന്നത് കർശനമായി ഒഴിവാക്കുന്നതിന് തട്ടുകടകൾ പ്രവർത്തിപ്പിക്കുന്നവർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന തട്ടുകടകൾക്കെതിരെ നിലവിലുള്ള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 371, 372 അനുസരിച്ചുള്ള നടപടികൾ നഗരസഭ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

(vii) കേരള മുനിസിപ്പാലിറ്റി ആക്ട് 1994-ലെ ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ചുള്ള സെക്ഷൻ 334, 334(A), 334(B), പഞ്ചായത്ത് രാജ് ആക്ട് 2019 എ മുതൽ എക്സ് വരെ വകുപ്പുകൾ കേന്ദ്രസർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ ചട്ടം 4 എന്നിവ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ശിപാർശ

മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റെല്ലാ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു മാലിന്യ നിർമ്മാർജ്ജന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

കേരള വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പരിസ്ഥിതി വകുപ്പിനുകീഴിൽ ആരംഭിച്ചിട്ടുണ്ട്.

ശിപാർശ

സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുകയും പ്ലാസ്റ്റിക്കിന്റെ നീരാളിപ്പിടിത്തത്തിൽനിന്ന് സംസ്ഥാനത്തെ മോചിപ്പിക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലെയും ഓരോ വാർഡിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലെ ഓരോ വാർഡിൽ വീതവും 2017 ഡിസംബർ 31-ന് മുമ്പ് ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വീതമെങ്കിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) ആരംഭിക്കുന്നതിനും ഓരോ ബ്ലോക്ക് പഞ്ചായത്തിലും നഗരസഭകളിലും ഒന്ന് വീതവും ഓരോ കോർപ്പറേഷനുകളിലും നാല് വീതവും എന്ന രീതിയിൽ ആകെ 263 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുനഃചംക്രമണ യോഗ്യമായതും

അല്ലാത്തതും എന്ന് തരംതിരിക്കുന്നത് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലാണ്. ഇതിൽ പുനഃചംക്രമണ യോഗ്യമായവ വേർതിരിച്ച് പുനഃചംക്രമണ ഏജൻസികൾക്ക് കൈമാറുന്നു. പുനഃചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് കൈമാറുന്നതിനായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നത് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലാണ്. നാളിതുവരെ 46 നഗരസഭകളിലും 50 ബ്ലോക്ക് പഞ്ചായത്തുകളിലും ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സംസ്ഥാനത്ത് 31-12-2019 വരെ 831 എം.സി.എഫ്.-കളും 151 ആർ.ആർ.എഫ്.-കളും പ്രവർത്തിച്ചുവരുന്നുണ്ട്.

<u>ശിപാർശ</u>

പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശികമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന നിലയിൽ അതിനുവേണ്ട ഉത്തരവോ നിയമനിർമ്മാണമോ ഉണ്ടായാൽ മാത്രമേ നിരോധനം ഫലപ്രദമാകുകയുള്ളൂ. സംസ്ഥാന തലത്തിൽ ക്യാരിബാഗുകൾ നിരോധിക്കുകയും ഇത് സംബന്ധിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രത്യേകം പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തില്ലെങ്കിൽ നിരോധനം കോടതികൾ അസ്ഥിരപ്പെടുത്താനുള്ള സാഹചര്യമുണ്ടാകുമെന്നും അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിലവിലെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് 2018 ജനുവരി 1 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കണമെന്നും അതിനുശേഷവും ഏതെങ്കിലും വ്യാപാര സ്ഥാപനം ക്യാരിബാഗുകൾ സ്റ്റോക്ക് ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം അവസാനിപ്പിക്കുന്നതോടൊപ്പം ബദൽ സംവിധാനമെന്ന നിലയിൽ തുണി സഞ്ചികളുടെ നിർമ്മാണം കുടുംബശ്രീ യൂണിറ്റുകളുടെയും മറ്റും സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും ആയത് കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016 നിലവിൽവന്നതിനുശേഷം 50 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗവും വിൽപ്പനയും സർക്കാർ കർശനമായി നിരോധിച്ചിരിക്കുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് ഉപഭോഗം, കൂടുതലായും ഒറ്റത്തവണ ഉപയോഗിച്ച് പുനഃചംക്രമണത്തിന് സാധ്യമാക്കാൻ സാധിക്കാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തോടുകളിലും ചാലുകളിലും പുഴകളിലും പൊതുനിരത്തുകളിലും അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, സ്ട്രോകൾ, പ്ലാസ്റ്റിക് പേപ്പറുകൾ ഹോട്ടലുകളിലും, മറ്റും ഭക്ഷണം പൊതിഞ്ഞുനൽകുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ, കപ്പുകൾ, പ്ലേറ്റുകൾ തുടങ്ങിയവ പരിസ്ഥിതിക്ക് നാശവും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു. കേന്ദ്ര സർക്കാർ ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. സർക്കാരിന്റെ 27-11-2019-ലെ സ.ഉ.(കൈ) നമ്പർ 6/2019/പരി. ഉത്തരവും 17-12-2019-ലെ സ.ഉ.(കൈ) നമ്പർ 07/2019/പരി. ഉത്തരവും 27-1-2020-ലെ ജി.ഒ.(എം.എസ്.)നമ്പർ 2/2020/ENV1 ഉത്തരവും പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗ് പ്ലാസ്റ്റിക് ഷീറ്റ്, പ്ലേറ്റുകൾ, കപ്പുകൾ, തെർമോകോൾ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, ജ്യൂസ് പാക്കറ്റുകൾ, പെറ്റ് ബോട്ടിലുകൾ, ഗാർബേജ് ബാഗ്, പിവിസി ഫ്ലക്സ് മെറ്റീരിയൽസ്, പ്ലാസ്റ്റിക് പാക്കറ്റുകൾ തുടങ്ങിയ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് 2020 ജനുവരി 1 മുതൽ നിരോധനം ഏർപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. കൂടാതെ വ്യക്തികളോ, കമ്പനികളോ സ്ഥാപനങ്ങളോ വ്യവസായമോ മേൽപ്പറഞ്ഞവ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല. ടി നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ കർശന നടപടി സ്വീകരിച്ച് നിയമപ്രകാരം ജുഡീഷ്യൽ ഫോറങ്ങളിൽ പരാതി ഫയൽ ചെയ്ത് Environment Protection Act, 1986 പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

നിയമലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000 രൂപ പിഴയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000 രൂപ പിഴയും സ്ഥാപനത്തിന്റെ പ്രവർത്തനാനുമതി റദ്ദാക്കുന്നതിനും സബ്ഡിവിഷൻ മജിസ്ട്രേറ്റ്, തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ എന്നിവർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

പ്ലാസ്റ്റിക് നിരോധനത്തിൽനിന്നും branded വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള EPR Plan പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. BEVCO, KERAFED, MILMA, Kerala Water Authority തുടങ്ങിയ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. എല്ലാ ഉത്പാദകരും വിൽപ്പനക്കാരും ഇറക്കുമതിക്കാരും EPR കർശനമായി പാലിക്കേണ്ടതാണ്. ഇങ്ങനെ ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

നിലവിലെ സംവിധാനങ്ങൾ വഴി ശേഖരിച്ച് നീക്കംചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികളിൽ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള സംരംഭങ്ങൾ രൂപീകരിക്കുന്നതിനായി ഫണ്ട് വകയിരുത്താവുന്നതും കുടുംബശ്രീ വഴി പരിശീലനം നൽകാവുന്നതുമാണ്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ബദലായി തുണി ബാഗുൾപ്പെടെയുള്ള പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് നിലവിൽ 100-ലധികം കുടുംബശ്രീ യൂണിറ്റുകളുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ ഇത്തരം ഉൽപ്പന്നങ്ങളെ ടെൻഡർ മറുപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ്. നിലവിൽ കുടുംബശ്രീയുടെ തുന്നൽ യൂണിറ്റുകളും അപ്പാരൽ യൂണിറ്റുകളും കോമൺഫെസിലിറ്റി സെന്ററുകളും ഉൾപ്പെടെയുള്ള കൺസോർഷ്യം വഴി ആവശ്യാനുസരണം ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനാകും. ഇത്തരം യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയും കുടുംബശ്രീ വിപണന സൗകര്യം ഉപയോഗപ്പെടുത്തിയും സംരംഭകരെ പിന്തുണച്ചുകൊണ്ട് പ്ലാസ്റ്റിക്കിന് ബദൽ ഒരുക്കാൻ കുടുംബശ്രീ സജ്ജമാണ്. ഹരിത കർമ്മസേനയുടെ സംരംഭ യൂണിറ്റുകൾ വഴി പഴകിയ വസ്തുങ്ങളിൽനിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളും നിലവിലുണ്ട്. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ നിലവിൽ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് ഉല്പന്നങ്ങൾ വാങ്ങുന്നത്. പ്ലാസ്റ്റിക് നിരോധനാജ്ഞ ഫലപ്രദമായി നേരിടാനുള്ള ഉല്പാദന യൂണിറ്റുകളും സംരംഭകരും നിലവിൽ കുടുംബശ്രീയിലൂടെ സജ്ജമായി കഴിഞ്ഞിട്ടുണ്ട്.

## ശിപാർശ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ദിനംപ്രതി ഉൽപ്പാദിപ്പിക്കപ്പെടുന്നതും തങ്ങൾ നേരിട്ടുനടത്തുന്ന മാലിന്യശേഖരണത്തിന്റെയും മറ്റ് സ്ഥാപനങ്ങൾവഴി നടത്തുന്ന മാലിന്യശേഖരണത്തിന്റെയും സംസ്കരിക്കപ്പെടാതെ കുന്നുകൂടുന്ന മാലിന്യത്തിന്റെയും കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സ്വീകരിച്ച നടപടി

ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകരിച്ച ഹരിത കർമ്മ സേന മുഖേന ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ വഴി ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടേയും അളവുകൾ നിലവിൽ സൂക്ഷിക്കുന്നുണ്ട്. മറ്റ്

സ്ഥാപനങ്ങൾവഴി ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെയും സംസ്കരിക്കപ്പെടാതെയുള്ള മാലിന്യത്തിന്റെയും കൃത്യമായ കണക്ക് ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെട്ടതും ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളതുമായ സ്ഥാപനങ്ങൾ രണ്ട് മാസത്തിനകം ഉചിതമായ തരത്തിലുള്ള മാലിന്യനിർമ്മാർജ്ജന സംവിധാനം ഒരുക്കണമെന്നും മാലിന്യമുണ്ടാകാൻ സാധ്യതയുള്ള എല്ലായിടത്തും മാലിന്യനിർമ്മാർജ്ജന സംവിധാനം ഒരുക്കിയാൽ മാത്രമെ പുതിയ ഡി & ഒ. ലൈസൻസ് നൽകാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ച് ഉത്തവിറക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, ഭക്ഷണം വിളമ്പുന്ന ക്ലബുകൾ, കല്യാണ ആവശ്യത്തിനുപയോഗിക്കുന്ന കോളേജ്/സ്കൂൾ ആഡിറ്റോറിയങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, കൊമേഴ്സ്യൽ മിനിഹാളുകൾ തുടങ്ങി ഭക്ഷണ സാധനങ്ങൾ പാകം ചെയ്യുകയോ വിളമ്പുകയോ ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും ഉചിതമായ തരത്തിലുള്ള മാലിന്യനിർമ്മാർജജന സംവിധാനം സ്ഥാപിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവിറക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ, പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തീയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴ വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിനും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

ശിപാർശ

ആറ്റുകാൽ പൊങ്കാല പോലെ ജനപങ്കാളിത്തം കൂടതലുള്ള പരിപാടികൾക്ക് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം വിജയകരമായിരുന്നതിനാൽ മറ്റ് നഗരസഭകളും ഇത്തരത്തിലുള്ള പരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

എല്ലാ സർക്കാർ പരിപാടികളും കൂടാതെ ഉത്സവങ്ങൾ, വിവാഹങ്ങൾ, പെരുന്നാളുകൾ എന്നിവയും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന് 29-8-2019-ലെ GO(Rt.) No.1863/2019/LSGD പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

ശിപാർശ

ഇലക്ട്രോണിക് സ്ഥാപനങ്ങളിൽനിന്നും പുറന്തള്ളുന്ന തെർമോകോൾ, പ്ലാസ്റ്റിക്കിനെപ്പോലെ അപകടകാരിയായ മാലിന്യമാണ്. ഇത്തരം സ്ഥാപനങ്ങളെയും മുൻ ഉത്തരവിന്റെ പരിധിയിൽപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെ Exrended Producers Responsibility (EPR) പ്രകാരം കേരളത്തിൽ സ്ഥിതിചെയ്യുന്ന ബ്രാൻഡ് ഓണേഴ്സ് അവരുടെ ഉൽപ്പന്നങ്ങളിൽനിന്നും ഉണ്ടാകുന്ന പ്ലാസ്റ്റിക് പാക്കേജിംഗ്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ തുടങ്ങിയവ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി അവർക്ക് ഒറ്റയ്ക്കോ പൊതുവായോ അവരുടെതന്നെ ഡിസ്ട്രിബ്യൂഷൻ ചാനലിൽ കൂടിയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്നോ അവ തിരിച്ച് എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം ഉൽപ്പാദകർ, ഇറക്കുമതി ചെയ്യുന്നവർ, ബ്രാൻഡ് ഓണേഴ്സ് ഇ.പി.ആർ. ആതറൈസേഷൻ എടുത്തിരിക്കണം. ഇതിനായി അതത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സ്ഥാപനാനുമതി/പ്രവർത്തനാനുമതി ലഭിക്കുന്നതിനോ പുതുക്കുന്നതിനോ അപേക്ഷിക്കുമ്പോൾ അവരുടെ ഉൽപ്പന്നങ്ങൾ പാക്കേജ് ചെയ്ത് പ്ലാസ്റ്റിക് എപ്രകാരം തിരിച്ചെടുക്കണമെന്ന വിവരം അടങ്ങിയ കർമ്മപദ്ധതി ബോർഡിൽ 18-3-2017-ന് സമർപ്പിക്കേണ്ടതായിരുന്നു. കർമ്മ പദ്ധതി അർബൻ ഡയറക്ടറേറ്റ് സെക്രട്ടറി പ്ലാസ്റ്റിക് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സംവിധാനം

സ്ഥാപിക്കുന്നതിന് എൻഡോസ് ചെയ്യുതായിരിക്കണം. സർക്കാർ സ്ഥാപനങ്ങൾക്ക് റൂൾ പ്രകാരമുള്ള ഇ.പി.ആർ. ആതറൈസേഷൻ എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി 22-11-2017-ൽ യോഗം ചേരുകയുണ്ടായി. പ്രൈവറ്റ് സ്ഥാപനങ്ങളെയും സർക്കാർ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ച് മൂന്ന് റീജിയണൽ ലെവൽ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റിൽനിന്നും പാചകവാതകത്തോടൊപ്പം ജൈവവളവും ലഭിക്കുമെന്നതിനാൽ ആയതുമൂലമുണ്ടാകുന്ന സാമ്പത്തികനേട്ടം സംബന്ധിച്ചും വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടെന്നത് സംബന്ധിച്ചുമുള്ള കാര്യങ്ങൾക്ക് വ്യാപകമായ പ്രചാരണം നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ഗ്രാമസഭകൾ, വാർഡുസഭകൾ എന്നിങ്ങനെ എല്ലാതലങ്ങളിലും വിവര-വിജ്ഞാന വിനിമയ ഉപാധികളിലൂടെ അറിയിപ്പ് നൽകുന്നുണ്ട്. ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് ഹരിത കർമ്മസേനയുടെയും ഹരിത സഹായ സ്ഥാപനത്തിന്റെയും കുടുബശ്രീയുടെയും നേതൃത്വത്തിൽ വീടുകൾ കയറിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>ശിപാർശ</u>

പൊതുസ്ഥലങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു വാർഡിൽ ഒരു പ്ലാന്റെങ്കിലും സ്ഥാപിക്കണമെന്നും വീടുകൾ, കടകൾ എന്നിവിടങ്ങളിലെ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

വികേന്ദ്രീകൃത മാലിന്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിലേയും, കടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനാണ് പ്രോത്സാഹനം നൽകിവരുന്നത്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് ശുചിത്വ

മിഷൻ ഭാഗിക സാമ്പത്തിക സഹായവും നൽകിവരുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തുമ്പൂർമൂഴി കമ്പോസ്റ്റിംഗ് സംവിധാനം ഒരുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

പല വിദേശ രാജ്യങ്ങളിലും യാത്രക്കാരുടെ സൗകര്യാർത്ഥം ടാക്സികളിലും ഓട്ടോറിക്ഷകളിലും വേസ്റ്റ് ബിൻ ഘടിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനം സംസ്ഥാനത്തും അടിയന്തരമായി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവ സഹകരണത്തോടെയുള്ള പ്രവർത്തനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ടൂറിസം വകുപ്പിനോട് ശുചിത്വ മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

ടൂറിസത്തിന് വൻസാധ്യതയുള്ള സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും വിനോദസഞ്ചാരത്തിനായി എത്തുന്ന സ്വദേശികളും വിദേശികളുമായി സഞ്ചാരികൾ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാൻ പ്രത്യേക ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ടൂറീസം വകുപ്പിനോട് ശുചിത്വ മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾക്ക് ശുചിത്വ മിഷൻ താമസംവിനാ സാങ്കേതികാനുമതി നൽകണമെന്നും ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽനിന്നും സബ്സിഡി ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമാണെന്നുമുള്ള കൃത്യമായ വിവരങ്ങൾ ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നും സബ്സിഡിക്കായി ശുചിത്വ മിഷനിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും താമസംവിനാ തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതി രൂപരേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകൾ സംബന്ധിച്ചും സബ്സിഡി സംബന്ധിച്ചും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

ബ്രഹ്മപുരത്തെ ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

കൊച്ചിയിലെ ബ്രഹ്മപുരത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഖര മാലിന്യം സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി 2016 സെപ്റ്റംബർ മാസം 17-ന് കൊച്ചി കോർപ്പറേഷനും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത G.J.Ecopower Pvt. Ltd. എന്ന സ്ഥാപനവുമായി കൺസെഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർ പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിലെയും സമീപ മുനിസിപ്പാലിറ്റികളിലേയും ഉത്പാദിപ്പിക്കപ്പെടുന്ന ഖര മാലിന്യങ്ങൾ കോർപ്പറേഷൻ പ്ലാന്റിൽ എത്തിക്കേണ്ടതും കമ്പനി അവ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതുമാണ്. പ്രതിദിനം 500 ടൺ വരെ സംസ്കരണശേഷിയുള്ളതായിരിക്കും പ്രസ്തുത പ്ലാന്റ്. പദ്ധതി തുടങ്ങുന്നതിനായ മറ്റെല്ലാ അനുമതികളും ക്ലിയറൻസുകളും കമ്പനിക്ക് ലഭ്യമായിട്ടുണ്ട്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനുള്ള നിരക്ക് 6.17 രൂപ നിശ്ചയിച്ചുകൊണ്ടുള്ള Power Purchase Agreement 2019 ജൂൺ 19-ന് വൈദ്യുതി ബോർഡും കമ്പനിയും തമ്മിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 16-1-2020-ലെ സ.ഉ.(സാധാ)നമ്പർ 144/2020/LSGD ഉത്തരവ് പ്രകാരം പദ്ധതിക്കായുള്ള ഭൂമി ദീർഘകാല പാട്ട വ്യവസ്ഥയിൽ കമ്പനിക്ക് നൽകുന്നതിന് കൊച്ചി കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പ്രീമിയം പ്രൈസ് നൽകുന്നത് സംബന്ധിച്ച് 31-1-2020-ലെ സ.ഉ.(സാധാ.)നമ്പർ 259/2020/ തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശിപാർശ</u>

ഗുരുവായൂർ നഗരസഭയിലുള്ള എല്ലാ കല്യാണമണ്ഡപങ്ങളിലും സദ്യ വിളമ്പുന്നതിന് ഇലയ്ക്ക് പകരം സ്റ്റീൽ പ്ലേറ്റ് ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തവരിൽനിന്നും പിഴ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത, സംസ്ഥാനത്തെ എല്ലാ കല്യാണമണ്ഡപങ്ങളും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സ്വന്തമായി അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

ഗുരുവായൂർ നഗരസഭയിലുള്ള എല്ലാ കല്യാണമണ്ഡപങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണമണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ, പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തീയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിനും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കേരളത്തിലെ 93 നഗരസഭകളിലെയും മാലിന്യത്തിന്റെ നിലവിലെ പ്രൊഫൈലും അളവ് സംബന്ധിച്ച കാര്യങ്ങളും ആലപ്പുഴ മുനിസിപ്പാലിറ്റി ചെയ്തിട്ടുള്ള അനുകരണീയമായ മാതൃകകളും ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശിപാർശ

ഒരു ഗ്ലോബൽ ടെണ്ടറിലൂടെ PPP അടിസ്ഥാനത്തിൽ നിക്ഷേപകരെ കണ്ടെത്തുകയും മാലിന്യ സംസ്കരണത്തിനുള്ള ഭൂമി കൊടുത്തുകൊണ്ട് നഗരസഭ ശേഖരിക്കുന്ന മാലിന്യത്തിന് ടിപ്പിംഗ് ഫീ കൊടുക്കുന്ന സംവിധാനങ്ങളായ പൈറോളിസിസ്, പ്ലാസ്മ പൈറോളിസിസ് തുടങ്ങിയ സംവിധാനങ്ങൾ ഈ നഗരസഭകളിൽ നടപ്പിലാക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ പ്രധാന കോർപ്പറേഷനുകളിലും ജനസംഖ്യ കൂടുതലുള്ള നഗരസഭകളിലും കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാലിന്യം വീടുകളിൽനിന്നും ഉറവിടങ്ങളിൽനിന്നും ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ലഭ്യമായ എല്ലാ ആധുനിക സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ ഉത്തരവായിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ട് വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെൻഡറുകൾ സമർപ്പിക്കേണ്ടത്. പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ

ആഗോള ടെൻഡർ മുഖേനയാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളാണ് സർക്കാർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പ്ലാന്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നതായിരിക്കും. മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻപരിചയം, സാമ്പത്തികഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്വകാര്യ ഏജൻസികളെ കണ്ടെത്തുന്നത്. പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ തദ്ദേശസ്വയംഭരണ വകുപ്പും കെ.എസ്.ഐ.ഡി.സി.യും നടത്തിപ്പിനുള്ള സ്വകാര്യ ഏജൻസിയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാന്റുകൾ പ്രവർത്തിക്കുന്നത്. പ്രതിദിനം 200 മുതൽ 300 ടൺ വരെ സംസ്കരണശേഷിയുള്ള പ്ലാന്റുകളായിരിക്കും ഈ പദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഖരമാലിന്യം സംഭരിച്ച് സംസ്കരിക്കുന്നതിന് ഓരോ ടണ്ണിനും ഏജൻസികൾ സമർപ്പിക്കുന്ന ടിപ്പിംഗ് ഫീസിന് അടിസ്ഥാനപ്പെടുത്തിയായിരിക്കും ടെൻഡറുകൾ നൽകുന്നത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ ഞെളിയാർ പറമ്പിലാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. ഇതിനായുള്ള സ്വകാര്യ ഏജൻസിയെ സുതാര്യമായ ആഗോള ടെണ്ടർ പ്രക്രിയയിലൂടെ കണ്ടെത്തുകയും പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വകാര്യ ഏജൻസിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 2019 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓർഗാനിക് റീസൈക്ലിങ് സിസ്റ്റംസ് എന്ന സ്ഥാപനവും ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലൂ പ്ലാനെറ്റ് എൻവയോൺമെന്റ് സൊല്യൂഷൻ, ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും സംയുക്തമായി മുന്നോട്ട് വന്നിരുന്നു. തുടർന്ന് നടന്ന സാങ്കേതിക-സാമ്പത്തിക പരിശോധനകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കൊല്ലം ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ ടെണ്ടർ 2019 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. ബാംഗ്ലൂർ ആസ്ഥാനമായുള്ള ZontaIntratech Pvt. Ltd. എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം പദ്ധതി നടത്തിപ്പിനായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടറിന്റെ സൂക്ഷ്മ പരിശോധനയിൽമേലുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടറുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ശിപാർശ

കേരളത്തിലെ 93 നഗരങ്ങളിൽ 40-ഓളം നഗരങ്ങൾ ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നതാകയാൽ മാലിന്യം തരംതിരിച്ച് നൽകി കൃഷി സ്ഥലത്തുതന്നെ സംസ്കരിക്കുവാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അങ്ങനെയുള്ള പ്രദേശങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുണ്ടാക്കി മാലിന്യ സംസ്കരണം ഏൽപ്പിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സംരംഭ രൂപത്തിൽ നടപ്പിലാക്കുന്നതിനായി കുടുംബശ്രീ വനിതകൾ ഹരിത കർമ്മസേനയായി കേരളത്തിലുടനീളമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. യൂസർഫ്രീ അടിസ്ഥാനത്തിൽ അജൈവമാലിന്യങ്ങളുടെ ശേഖരണമാണിവർ നടത്തുന്ന പ്രധാന പ്രവർത്തനം. യൂസർ ഫ്രീ ശേഖരണം വളരെയധികം വെല്ലുവിളി നേരിടുന്ന സാഹചര്യം നിലവിലുള്ള വീടുകളും സ്ഥാപനങ്ങളും യൂസർഫ്രീ വിരുദ്ധ നിലപാട് സ്വീകരിക്കുന്നത് പദ്ധതി നേരിടുന്ന വെല്ലുവിളിയാണ്. ഈ മാതൃകയിൽ ജൈവമാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള വരുമാനദായക പ്രവർത്തനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ ഒരുക്കേണ്ടത് അത്യാവശ്യമാണ്. പദ്ധതികൾ നിലനിൽക്കുന്നതിനാവശ്യമായ വരുമാന സാധ്യതകൾ ഉറപ്പുവരുത്തിക്കൊണ്ടും പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കുടുംബശ്രീ ഹരിത കർമ്മസേനാംഗങ്ങളെയും അവരുടെ സംരംഭങ്ങളെയും ഉൾപ്പെടുത്താവുന്നതാണ്.

ശിപാർശ

സംസ്ഥാനത്തെ എല്ലാ നഗരസഭകളുടെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കോസ്റ്റ് ഓഡിറ്റിംഗ് 6 മാസത്തിനുള്ളിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എല്ലാ നഗരസഭകളുടെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കോസ്റ്റ് ഓഡിറ്റിംഗ് നടത്തി വരുന്നുണ്ട്.

<u>ശിപാർശ</u>

മാലിന്യ നിർമ്മാർജ്ജനത്തിന് വിദേശരാജ്യങ്ങളിൽ അവലംബിക്കുന്ന പൈറോളിസിസ്, പ്ലാസ്മ പൈറോളിസിസ് മുതലായ മാർഗ്ഗങ്ങൾ സംസ്ഥാനത്ത് പ്രായോഗികമാക്കുന്നതിന്റെ സാധ്യത പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. മാലിന്യ നീക്കത്തിന് എഞ്ചിനീയറിംഗ്, എൻവയോൺമെന്റ്, ലൈഫ് സയൻസ് എന്നിവയിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെക്കൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിച്ചാൽ ഈ രംഗത്ത് നല്ല ബിസിനസ് മോഡൽ ഉണ്ടാക്കാൻ സാധിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. അത്തരം ബിസിനസ് സംരംഭങ്ങളുമായി മുന്നോട്ടുവരുന്നവരെ 5 വർഷത്തേക്ക് നഗരസഭകൾ തൊഴിൽ നിയമത്തിൽനിന്നും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കി കൊടുക്കണമെന്നും പ്രസ്തുത വ്യവസായത്തിന് 40% സബ്സിഡി നൽകണമെന്നും ക്രൗഡ് ഫണ്ടിംഗ് പോലെയുള്ള നൂതന ആശയങ്ങൾ പ്രാവർത്തികമാക്കണമെന്നും ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന്റെകൂടി സഹായം തേടേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ഐ.ഡി.സി. മുഖേന ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നു.

<u>ശിപാർശ</u>

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളുടെ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്നും അവിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെസ്സിംഗ് യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സംവിധാനം, പ്ലാസ്റ്റിക് വേർതിരിക്കൽ എന്നിവ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികളുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള ആശുപത്രികളിൽ ശുചീകരണത്തിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചാത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇൻസിനറേറ്ററുകൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ സഹകരണത്തോടെ നടത്തി വരുന്നു. ഖരമാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ ഇവ സംഭരിച്ച് വേർതിരിച്ച്

അതിനായി നിർദ്ദേശിച്ചിട്ടുള്ള ബാഗുകളിൽ ശേഖരിച്ച് സംസ്കരണത്തിനായി IMAGE- നെ ഏല്പിക്കുന്നു. മറ്റ് ജൈവ മാലിന്യങ്ങൾ സംഭരിച്ച് ആശുപത്രികളിൽ സംസ്കരിക്കുന്നു. ആശുപത്രികളിൽ മലിന ജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. മെഡിക്കൽ കോളേജ് ഉള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഇതിനാവശ്യമായ നടപടി അതത് ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കണമെന്നും ഇതിനുവേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷനും ക്ലീൻ കേരള കമ്പനിയും നൽകണമെന്നും ആവശ്യമെങ്കിൽ മറ്റ് സാങ്കേതിക സഹായവും തേടാവുന്നതാണെന്നും 30-11-2019-ലെ 505/ഡി.സി.1/19 തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിക്ക് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ അനുമതിയുടെ സഹായവും തേടേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതാത് തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈമാറികിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകിവരുന്നു.

<u>ശിപാർശ</u>

മാലിന്യ സംസ്കരണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനുകളെയും നഗരസഭകളെയും പ്രത്യേകം കാറ്റഗറിയായി തിരിച്ച് ഓരോ കാറ്റഗറിക്കും അനുയോജ്യമായ മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

കോർപ്പറേഷനുകളെയും നഗരസഭകളെയും പ്രത്യേകം തരംതിരിച്ച് അനുയോജ്യമായ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>ശിപാർശ</u>

മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയുന്നവരെ കയ്യോടെ പിടികൂടുന്നതിനും വലിയ പിഴ ഈടാക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഇതിന് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ഇടപെടൽ ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയുന്നത് ശിക്ഷാർഹമാക്കിയിട്ടുണ്ട്. ഇത്തരം പ്രവൃത്തിയിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് സാധ്യമായ ഇടങ്ങളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതടക്കമുള്ള നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

അറവുശാലകളിലെ മാലിന്യം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികളെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നും ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിലൂടെ സാമ്പത്തിക സഹായം നൽകുന്നതിനായി 2016-17 ബജറ്റിൽ സംസ്ഥാന സർക്കാർ 100 കോടി രൂപ നീക്കിവച്ചിരുന്നു. ആധുനിക അറവുശാലകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ അവിടെത്തന്നെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുന്നു. ഇതിനായി റെണ്ടറിംഗ് എന്ന സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനാൽ മാലിന്യത്തിന്റെ ഭൂരിഭാഗവും സംസ്കരിച്ച് മീനുകൾക്കോ, പട്ടികൾക്കോ നൽകാവുന്ന ഉല്പന്നങ്ങളാക്കി മാറ്റാൻ സാധിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക അറവുശാലകൾ നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കാനായി നഗരകാര്യ ഡയറക്ടറെ സി.ഇ.ഒ. ആയിട്ടുള്ള ഒരു എസ്.പി.വി. രൂപീകരിച്ചിട്ടുള്ളതാണ്.

<u>ശിപാർശ</u>

വൻകിട ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന സൂപ്പർമാർക്കറ്റുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തംനിലയിൽത്തന്നെ പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ചെടുത്ത് റീസൈക്കിൾ ചെയ്യുന്നതിന് അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമായ ബൈലോ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പുറപ്പെടുവിക്കുന്നതിലേക്കായി കരട് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കി സമർപ്പിക്കുന്നതിന് ശുചിത്വ മിഷനെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ കരട് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ശുചിത്വ മിഷൻ തയ്യാറാക്കി സമർപ്പിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോയ്ക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 5-11-2019-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ആവശ്യമായ ഭേദഗതികൾ വരുത്തി കരട് ബൈലോയിൽ പൊതുജനങ്ങൾക്ക് അഭിപ്രായം ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി ബൈലോയ്ക്ക് അംഗീകാരം നൽകാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ 27-11-2019-ലെ സ.ഉ.(കൈ). നമ്പർ 6/2019/പരി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 1-1-2020 മുതൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കുള്ള നിരോധനം സംബന്ധിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ചും പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ സംസ്കരണത്തിനായി കൈമാറുന്നത് സംബന്ധിച്ചും ബൈലോയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് പുതുക്കിയ കരട് തയ്യാറാക്കി സമർപ്പിക്കുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

ട്യൂബ്ലൈറ്റ്, സി.എഫ്. ലാമ്പ്, സാധാരണ ബൾബുകൾ, എൽ.ഇ.ഡി. ലാമ്പ്, ഇലക്ട്രോണിക് പാഴ്‌വസ്തുക്കൾ എന്നിവ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങൾ തന്നെ ഉപയോഗരഹിതമാകുന്ന അത്തരം ലാമ്പുകളും മറ്റ് ഇലക്ട്രോണിക് പാഴ്‌വസ്തുക്കളും തിരികെ എടുക്കുന്നതിനും അവർതന്നെ അത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അത്തരം സ്ഥാപനങ്ങളെ നിർബന്ധിതമാക്കുന്നതിന് ആവശ്യമെങ്കിൽ കേന്ദ്ര നിയമത്തിന്റെ (EPR-Extended Producer Responsibility) ചുവടുപിടിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

കമ്പ്യൂട്ടറുകൾ, Centralized Data Processing, Catridge ഉൾപ്പെടെയുള്ള പ്രിന്ററുകൾ, കോപ്പിയിംഗ് മെഷീനുകൾ, ടെലിഫോണുകൾ, ടെലിവിഷൻ, റെഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, എയർ കണ്ടീഷനുകൾ, ഫ്ളൂറസന്റ് മെർക്കുറി ലാമ്പ് തുടങ്ങിയവ ഇ-വേസ്റ്റ് റൂളിന്റെ പരിധിയിൽ വരുന്നു. ഇതിന്റെ components, spare parts എന്നിവയും റൂളിന്റെ പരിധിയിലാണ്. പ്രസ്തുത ഇ-ഗുഡ്സ് ഉൽപ്പാദകർ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ആതറൈസ്ഡ് റീസൈക്കളേഴ്സിന് എത്തിക്കേണ്ടതാണ്. നിലവിലെ നിയമം അനുസരിച്ച് ഇത്തരത്തിലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ സ്പെയർപാട്സുകളും കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും വ്യക്തികളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും Extended Produers Responsibility Authorisation (EPR Authorisation) കരസ്ഥമാക്കേണ്ടതാണ്. ഇതിനായി അപേക്ഷിക്കുന്ന വേളയിൽ ഇ-മാലിന്യങ്ങൾ തിരിച്ച് എടുക്കുന്നതിനുള്ള പ്രവർത്തന പദ്ധതി കേന്ദ്ര മലിനീകരണ

നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും അവർ അത് പരിശോദിച്ച് തൃപ്തികരമെങ്കിൽ EPR Authorisation നൽകുന്നതുമാണ്. ഇപ്രകാരം നൽകിയിട്ടുള്ള EPR Authorisation-ന്റെ വിവരങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള കർമ്മ പദ്ധതിയുടെ വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിലും ലഭിച്ചിട്ടുണ്ട്. പ്രസ്തുത കണക്കനുസരിച്ച് ഏകദേശം 180 ഇ-ഉഡ്സ് ഉൽപ്പാദകർക്കാണ് ആതറൈസേഷൻ ലഭിച്ചിട്ടുള്ളത്. അതിൽ 105-ഓളം പേർക്ക് കേരളത്തിലും സംഭരണ സെന്ററുകൾ ഉണ്ട്. ചില കമ്പനികൾക്ക് സംസ്ഥാനത്ത് ഒരു ജില്ലയിൽ മാത്രമേ collection centre നിലവിലുള്ളൂ. ഈ സാഹചര്യത്തിൽ ടി സ്ഥാപനങ്ങൾ എപ്രകാരം collection സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും ഇ-വേസ്റ്റ് റൂൾ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കണം എന്നത് സംബന്ധിച്ച് 22-11-2017-ന് യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്.

<u>ശിപാർശ</u>

മലിനജല സംസ്കരണത്തിനുള്ള സ്വീവേജ് സംവിധാനം തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമാണ് നിലവിലുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് കോർപ്പറേഷൻ പ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കക്കൂസ് മാലിന്യം പുഴകളിലേക്കും ജലാശയങ്ങളിലേക്കും ഓടകളിലേക്കും തുറന്നുവിടുന്ന രീതി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കണ്ടുവരുന്നതും ഗുരുതരമായ ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു വലിയ വിപത്തായി മാറിയിട്ടുണ്ട്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ സ്വീവറേജ് സംവിധാനം നിലവിലില്ലാത്ത എല്ലാ നഗരപ്രദേശങ്ങളിലും വികേന്ദ്രീകൃത സെപ്പ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കണമെന്നും ബിൽഡിംഗ് പെർമിറ്റ് നൽകുമ്പോൾ അക്കാര്യം നിഷ്കർഷിച്ചിരിക്കണമെന്നും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എല്ലാ അപ്പാർട്ട്മെന്റ് സമുച്ചയങ്ങളിലും Stand Alone Sewerage Treatment Plant (STP) നിർബന്ധമാക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അടിയന്തര ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ഒറ്റക്കുഴി കക്കൂസുകൾ സെപ്റ്റിക് ടാങ്ക് ആക്കുന്നതിന് നഗര പ്രദേശങ്ങളിൽ ശുചിത്വ മിഷൻ 25,000 രൂപ വരെയാണ് നൽകുന്നത്. ഒരു ജില്ലയിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാൻ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികളും അതുപോലെ പൊതുജനങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ഇട്ട് കത്തിക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

സംസ്ഥാന പോലീസ് മേധാവിയുടെ 23-6-2016-ലെ നമ്പർ 9/2016, സർക്കുലർ പ്രകാരം പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്, റബ്ബർ തുടങ്ങിയവ കത്തിക്കുന്നത് തടയുന്നതിനായി നിയമനടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ചട്ടം - 340, 1994-ലെ കേരള പഞ്ചായത്തീരാജ് ചട്ടം 219(എൻ) എന്നിവ പ്രകാരം പൊതുസ്ഥലങ്ങളിൽ ചവറോ മാലിന്യമോ ഇടുന്നത് നിരോധിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നടപടി സ്വീകരിക്കുവാൻ കഴിയും.

ശിപാർശ

നഗരസ്വഭാവം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തി അവിടത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിന് അനുയോജ്യമായതും കൂടുതൽ കാര്യക്ഷമവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

കൂടുതൽ ഗ്രാമപഞ്ചായത്തുകളും ഗ്രാമീണ സ്വഭാവമുള്ളവയാണ്. നഗരസ്വഭാവം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ അവിടെയുണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് അനുയോജ്യമായതും കൂടുതൽ കാര്യക്ഷമവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ മാലിന്യ നിർമ്മാർജ്ജനത്തിന് അനുബന്ധ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം നടക്കുന്നുണ്ട്.

പ്രസ്തുത നടപടിപത്രികകൾ 1663/സബ്.സി.ഡി1/2018/നി.സെ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയും 10-2-2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2021, ജൂൺ 30.

## അനുബന്ധം

## 19-8-2020-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2020 ആഗസ്റ്റ് മാസം 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12:00-മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും പ്രത്യേക ക്ഷണിതാവായ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു. സമിതി അദ്ധ്യക്ഷനും സമിതിയുടെ പ്രത്യേക ക്ഷണിതാവും ശ്രീ. കെ. ആൻസലൻ, എം.എൽ.എ. ഒഴികെയുള്ള താഴെപ്പറയുന്ന സമിതി അംഗങ്ങളും വീഡിയോ കോൺഫറൻസിലൂടെയാണ് യോഗത്തിൽ പങ്കെടുത്തത്.

(1) ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.

(2) ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

(3) ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.

(4) ശ്രീ. പി. വി. അൻവർ, എം.എൽ.എ.

(5) ശ്രീ. കെ. ബാബു, എം.എൽ.എ.

(6) ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

(1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

(2) ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

(1) ശ്രീമതി ശാരദാ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (വീഡിയോ കോൺഫറൻസിലൂടെ)

(2) ശ്രീ. പി. കെ. അരവിന്ദ് ബാബു, സെക്രട്ടറി, നിയമ വകുപ്പ് (വീഡിയോ കോൺഫറൻസിലൂടെ)

(3) ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, സർവ്വേ വകുപ്പ് (വീഡിയോ കോൺഫറൻസിലൂടെ)

(4)ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (വീഡിയോ കോൺഫറൻസിലൂടെ)

(5) ശ്രീ. പുനീത് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമ വകുപ്പ്.

(6) ശ്രീമതി സുധ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

(7) ശ്രീ. വി. വിലാസചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

(8) ശ്രീമതി ബിന്ദു തങ്കച്ചി എം. കെ., അഡീഷണൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

(9) ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ്, തിരുവനന്തപുരം.

സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ച 2019-ലെ കേരള വഖഫ് റൂൾസ് (എസ്.ആർ.ഒ. നമ്പർ 18/2019), സമിതി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ്, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 31-3-2020-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. ചട്ടങ്ങളുടെ സാധൂകരണം

(i) 2019-ലെ കേരള വഖഫ് റൂൾസ് (എസ്.ആർ.ഒ. നമ്പർ 18/2019)

(ഫയൽ നമ്പർ 4322/സബ്.സി.ഡി1/2019/നി.സെ.)

2019-ലെ കേരള വഖഫ് റൂൾസ് ഭേദഗതികൾ കൂടാതെ സമിതി സാധൂകരണം നൽകി.

II. സമിതി റിപ്പോർട്ടുകളിലെ ശിപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3275/സബ്.സി.ഡി1/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 8-ന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന

വകുപ്പിൽനിന്നും ലഭ്യമായ ഇടക്കാല മറുപടിയും അന്തിമ മറുപടിയും സഹകരണ വകുപ്പിൽ നിന്നും ഖണ്ഡിക നമ്പർ 10-ന്മേൽ ലഭ്യമായ മറുപടിയും, ഖണ്ഡിക നമ്പർ 4, 5, 6, 11 എന്നിവയിന്മേൽ ഭവനനിർമ്മാണ വകുപ്പിൽനിന്നും ലഭ്യമായ ഇടക്കാല മറുപടിയും സമിതി പരിഗണിച്ചു. സഹകരണ വകുപ്പിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച മറുപടികൾ സമിതി അംഗീകരിച്ചു. ഭവനനിർമ്മാണ വകുപ്പിൽനിന്നും അന്തിമ മറുപടി ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

III. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (കരട്).

(ഫയൽ നമ്പർ 2895/സബ്.സി.ഡ 1/2020/നി.സെ)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

IV. 31-3-2020-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് (കരട്).

(ഫയൽ നമ്പർ 2889/സബ്.സി.ഡി1/2020/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12:15-ന് അവസാനിച്ചു.

## 10-2-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2021 ഫെബ്രുവരി മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ

2. ശ്രീ. പി. ഉബൈദുള്ള

<u>വീഡിയോ കോൺഫറൻസിലൂടെ ഹാജരായ അംഗം:</u>

ശ്രീമതി പി. അയിഷാ പോറ്റി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി. കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീമതി. ബിന്ദു തങ്കച്ചി എം. കെ., അഡീഷണൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീമതി എസ്. ശ്രീകല, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

<u>വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജോസ് ടി .കെ., അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. പുനീത് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമ വകുപ്പ്.
4. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ/പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്.
5. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ/ഭവനനിർമ്മാണ വകുപ്പ്.
6. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സെക്രട്ടറി, വ്യവസായ/സൈനിക ക്ഷേമ വകുപ്പ്.
7. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്.
8. ശ്രീ. ഹരികിഷോർ എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
9. ഡോ. രഞ്ജു രാജ്, ഡയറക്ടർ, നഗരകാര്യ വകുപ്പ്.
10. ഡോ. പി. കെ. ജയശ്രീ, ഡയറക്ടർ ഓഫ് പഞ്ചായത്ത്.

11. ശ്രീ. മിർ മുഹമ്മദ് അലി, ഡയറക്ടർ, ശുചിത്വ മിഷൻ.

12. ശ്രീ. വി. ആർ. വിനോദ്, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.

13. ശ്രീമതി റീത്ത പ്രഭ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

സമിതിയുടെ സാധൂകരണത്തിനായി ലഭിച്ച എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ, സമിതിയുടെ റിപ്പോർട്ടുകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽനിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>ചട്ടങ്ങളുടെ സാധൂകരണം</u>

1. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി (എസ്.ആർ.ഒ. നമ്പർ 491/2019)

2. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 492/2019)

(ഫ. നമ്പർ 811/സബ്.സി.ഡി1/2020/നി.സെ.)

(64 എം.ഡബ്ല്യു1/2020/പൊതു.ഭ.വ; തീയതി 10-6-2020)

(എം.ഡബ്ല്യു1/64/2020/ജി.എ.ഡി; തീയതി 14-12-2020)

എസ്. ആർ. ഒ.-കൾ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു. എസ്. ആർ. ഒ. നമ്പർ 491/2019-ൽ ക്ഷേമനിധി പദ്ധതിയുടെ അംഗത്വത്തിനുള്ള അപേക്ഷയിൽ ഫാറം നമ്പർ 1-ൽ ക്രമനമ്പർ-9-ൽ മൂന്നാമതായി നൽകിയിരിക്കുന്ന 'മുസ്ലീം സർവ്വീസ് രജിസ്റ്റർ' എന്നത് 'മുഅല്ലീം സർവ്വീസ് രജിസ്റ്റർ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ആക്ട് നിലവിൽവരുന്നതിന് മുമ്പ് പുറപ്പെടുവിച്ചു എന്നതാണ് സമിതിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ പദ്ധതിയും ചട്ടങ്ങളും വിജ്ഞാപനം ചെയ്തതിന് കാരണമായി വകുപ്പ് സമിതിയെ ബോധിപ്പിച്ചത്. ഈ വിശദീകരണം തൃപ്തികരമല്ലെന്നും ഓർഡിനൻസ് പ്രകാരം പുറപ്പെടുവിക്കുന്ന സബോർഡിനേറ്റ് ലെജിസ്ലേഷനുകൾ സമിതിയുടെ മുൻകൂർ പരിശോധനയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലെന്നും സമിതി വ്യക്തമാക്കി.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിന്റെ നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും പരിഗണന

(1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് .

(ഫയൽ നമ്പർ 3155/സബ്.സി.ഡി1/2014/നി.സെ.)

(ഇ 4/191/2018/ആഭ്യന്തരം തീയതി 1-10-2020)

19, 21 എന്നീ ഖണ്ഡികകളിന്മേൽ ലഭ്യമാക്കിയ നടപടിപത്രികകൾ സമിതി അംഗീകരിച്ചു. കേരളാ സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഗ്രാന്റായി അനുവദിക്കുന്ന തുക സർക്കാർ ഓഹരി മൂലധനമായി പുനക്രമീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

(2) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 5488/സബ്.സി.ഡി1/2016/നി.സെ.)

(195/എഫ്.എം2/2016/ത.സ്വ.ഭ.വ., തീയതി 12-3-2020)

36 മുതൽ 40 വരെ ഖണ്ഡികകളിന്മേൽ ലഭ്യമാക്കിയ നടപടിപത്രികകൾ സമിതി അംഗീകരിച്ചു.

(3) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ. നമ്പർ 3134/സബ്.സി.ഡി1/2017/നി.സെ)

(ഇ 3/155/2019/ പൊ.മ.വ. തീയതി 28-11-2019)

(125/എഫ്.എം2/2017/ത.സ്വ.ഭ.വ., തീയതി 11-9-2020)

(ബി3/478/2019/സഹ., തീയതി 21-1-2020)

(സഹ. ബി3/152/2017/സഹ., തീയതി 29-12-2020)

11, 12, 19, 22, 23, 26 എന്നീ ഖണ്ഡികകളിന്മേൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടും 28 മുതൽ 44, 50 മുതൽ 59 എന്നീ ഖണ്ഡികകളിന്മേൽ

തദ്ദേശസ്വയം ഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടിപത്രികകളും, ഖണ്ഡിക നമ്പർ 20-ന്മേൽ സഹകരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടിപത്രികയും, പൊതുശിപാർശ II-ന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും സമിതി അംഗീകരിച്ചു.

(4) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1253/സബ്.സി.ഡി1/2018/നി.സെ.)

(എം.18/പജ.പവ.വി.വ. തീയതി,10-1-2020)

(HSG/B2/58/2018.HSG. തീയതി, 23-4-2020)

(419/ഡി.സി3/19/ത.സ്വ.ഭ.വ. തീയതി, 27-2-2020)

(117/എഫ്.എം2/2018/ത.സ്വ.ഭ.വ. തീയതി 5-2-2021)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഖണ്ഡിക നമ്പർ 14-ന്മേൽ ലഭ്യമാക്കിയ നടപടിപത്രികയും ഭവനനിർമ്മാണ (ബി) വകുപ്പിൽനിന്നും ഖണ്ഡിക നമ്പർ 3, 4, 5 എന്നിവയിന്മേൽ ലഭ്യമാക്കിയ നടപടിപത്രികയും സമിതി അംഗീകരിച്ചു. തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിൽനിന്നും 53 മുതൽ 57 വരെയുള്ള ഖണ്ഡികകളിന്മേൽ 27-2-2020-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രികയിൽ 2018-19 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ചുള്ള തുടർനടപടി സ്വീകരിക്കാനാവില്ലെന്നും 5-2-2021-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടിപത്രികയിൽ, പണം ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നുമുള്ള മറുപടി പരിഗണിച്ച സമിതി, റിപ്പോർട്ടുകളിലെ വൈരുദ്ധ്യത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും എത്രയും പെട്ടെന്ന് ഇത് സംബന്ധിച്ച് വിശദീകരണം നല്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിൽനിന്നും ലഭ്യമായ 21 മുതൽ 38 വരെയും 48 മുതൽ 57 വരെയുമുള്ള ഖണ്ഡികകൾ സംബന്ധിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു. മേൽപ്പറഞ്ഞ നടപടി റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

(5) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3275/സബ്.സി.ഡി1/2019/നി.സെ.)

(154/എഫ്.എം2/2020/ത.സ്വ.ഭ.വ. തീയതി 12-1-2021)

12 മുതൽ 27 വരെയും 36 മുതൽ 60 വരെയുമുള്ള ഖണ്ഡികകളിന്മേൽ ലഭ്യമാക്കിയ നടപടിപത്രികകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

(6) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1622/സബ്.സി.ഡി1/2020/നി.സെ.)

(HSG-A3/29/2020-HSG. തീയതി, 18-11-2020)

ഖണ്ഡിക നമ്പർ 5-ന്മേൽ ലഭ്യമായ നടപടിപത്രിക സമിതി അംഗീകരിച്ചു.

III. <u>വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന</u>

(1) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നമ്പർ 84/സബ്.സി.ഡി1/2019/നി.സെ).

(SW3/152/2019/സൈ.ക്ഷേമ, തീയതി 9-10-2020)

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ സൈനിക ക്ഷേമ വകുപ്പിൽനിന്നും ലഭ്യമാക്കിയ കാലതാമസ പത്രിക സമിതി പരിഗണിക്കുകയും നോട്ടപ്പിശകുമൂലം വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കുവാൻ സാധിച്ചില്ലെന്ന പരാമർശം ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ കാലതാമസ പത്രിക അംഗീകരിക്കുകയും ചെയ്തു.

(2) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നമ്പർ 169/സബ്.സി.ഡി1/2020/നി.സെ.)

(HSG-PS/29/2020-HSG., തീയതി 20-1-2021)

ഭവന നിർമ്മാണ (പാർലമെന്ററി) വകുപ്പിൽനിന്നും ലഭിച്ച കാലതാമസപത്രിക സമിതി അംഗീകരിച്ചു.

IV. <u>സമിതി റിപ്പോർട്ടുകളിലെ ശിപാർശകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

(1) കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 7114/സബ്.സി.ഡി1/2018/നി.സെ.)

(ഐ.എ 1/348/2018/ത.സ്വ.ഭ.വ., തീയതി 1-2-2020)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 12, 13, 16, 23, 26, 27, 28, 30, 32 മുതൽ 35 വരെ, 37, 40, 46, 47, 51, 52, 54, 56, 57, 64, 66, 69, 71, 74, 75, 78 മുതൽ 85 വരെ, 87, 90 മുതൽ 96 വരെ എന്നീ ഖണ്ഡികകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(2) സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 1663/സബ്.സി.ഡി1/2018/നി.സെ.)

(199/ഡി.സി1/19/ത.സ്വ.ഭ.വ. തീയതി 23-3-2020)

2 മുതൽ 5 വരെ, 7, 8, 9, 11 മുതൽ 17 വരെ, 19, 20, 23 മുതൽ 30 വരെ, 32 മുതൽ 36 വരെ 38, 39 എന്നീ ഖണ്ഡികകളിന്മേൽ ലഭ്യമായ നടപടിപത്രികകൾ സമിതി അംഗീകരിച്ചു.

(3) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച സമിതി നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട്.

(ഫയൽ നമ്പർ 5245/സബ്.സി.ഡി1/2018/നി.സെ.)

(9/എഫ്.എം2/2019/ത.സ്വ.ഭ.വ. തീയതി 28-10-2020)

പ്രളയത്തെ തുടർന്ന് 13 ജില്ലകളിലുണ്ടായ (കാസർഗോഡ് ജില്ല ഒഴികെ) നാശനഷ്ടങ്ങൾ സംബന്ധിച്ച നടപടിപത്രിക സമിതി അംഗീകരിച്ചു.

V. <u>പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള തെളിവെടുപ്പ്</u>

2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 684/സബ്.സി.ഡി1/2017/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക മന്ത്രി അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും രണ്ട് ദിവസത്തിനകം സമിതിക്ക് സമർപ്പിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു. വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കേണ്ടത് ഗൗരവതരമായ വിഷയമാണെന്നും ഇത് സംബന്ധിച്ച് സഭയിൽ റൂളിംഗ് ഉണ്ടായിട്ടുള്ളതാണെന്നും എത്രയുംവേഗം നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി IX-ന്റെ അവസാന യോഗമാണിതെന്നും സമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച നിയമസഭയിലെ ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നതായും സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എല്ലാപേരും മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചതെന്നും സമിതിക്ക് ചില കാര്യങ്ങളിൽ ഉത്തമമായ നിർദ്ദേശങ്ങളും ഗൗരവപൂർവ്വമായ ഇടപെടലുകൾ നടത്താനായിട്ടുണ്ടെന്നും കാലതാമസം കൂടാതെ കാര്യങ്ങൾ കൃത്യമായി നടപ്പാക്കുകയെന്നത് സമിതിയുടെ മുഖ്യലക്ഷ്യ മായിരുന്നെന്നും സമിതി അദ്ധ്യക്ഷൻ പറഞ്ഞു.

ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

---